H- 68

വേദധ്യാനങ്ങൾ

# SREE
# VEDAVYASAN

BY

**P. R. NARAYANA IYER,**

*Author of Sarala, Jadabharathan, Ambikalahari, Ramakrishnaparamahamsa, Monomarmasastra etc.*

and

*Annotator of Soundaryalahari, Vimsati, Dakshinamoortistotra, Sivapadadikesantastava etc.*

1113
H68

# ശ്രീ
# വേദവ്യാസൻ

ഗ്രന്ഥകൎത്താ
സരള, ജഡഭരതൻ, അംബികാലഹരി, ശ്രീരാമകൃഷ്ണപരമഹംസൻ,
മനോമൎമ്മശാസ്ത്രം മുതലായ പുസ്തകങ്ങളുടെ കൎത്താവും, സൌ
ന്ദൎയ്യലഹരി, വിംശതി, ദക്ഷിണാമൂൎത്തിസ്തോത്രം, ശിവ
പാദാദികേശാന്തസ്തവം മുതലായ സ്തോത്രഗ്രന്ഥ
ങ്ങളുടെ വ്യാഖ്യാതാവും ആയ

**പി. ആർ. നാരായണയ്യർ.**

പ്രസാധകൻ
**കെ. ശങ്കരൻ മൂസ്സത്.**

തൃശ്ശിവപേരൂർ,
**ജ്ഞാനസാഗരം പുസ്തകശാല.**
**1101.**

(പകൎപ്പവകാശം പ്രസാധകനുള്ളതാകുന്നു)

PRICE 8 As] [വില ൮ അണ

# മുഖവുര.

പുരാണപുരുഷന്മാരുടെ ജീവചരിത്രങ്ങളെ എഴുതി പുസ്തകരൂപമായി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥകാരകന്മാരും പുസ്തകശാലാപ്രവൎത്തകന്മാരും ക്രമേണ അധികരിച്ചു തുടങ്ങിയതോടുകൂടി പുസ്തകപാരായണപ്രിയന്മാരുടെ സംഖ്യയും വൎദ്ധിച്ചുവന്നു കാണുന്നതു കൈരളിയുടെ ശുക്രദശാരംഭകാലമായിരിക്കാം. ജ്ഞാനവിതരണം ചെയ്യുന്നതിന്നും പുരാണതത്വങ്ങളെ സാമാന്യന്മാരുടെ ഇടയിൽ പ്രചാരപ്പെടുത്തുന്നതിന്നും എതാദൃശമായ ഗ്രന്ഥങ്ങൾ വളരെ ഉപകാരമായിരിക്കും. ഇതരഭാഷകളെ അടിസ്ഥാനപ്പെടുത്തി മലയാളഭാഷയെ നോക്കുന്നതായാൽ ഗ്രന്ഥദൌൎല്ലഭ്യം പിടിപെട്ട ഭാഷ മറെറാന്നും ഇല്ലെന്നുതന്നെ പറയാം. പുരാണപുരുഷന്മാരുടെ ജീവചരിത്രങ്ങൾ സ്വദേശാഭിമാനത്തേയും മതാഭിമാനത്തേയും വിളയിക്കുന്ന ബീജങ്ങളാണ്. പദ്യഗ്രന്ഥങ്ങളിൽ അവിടവിടെയായി കാണപ്പെടുന്ന പുരാണപുരുഷന്മാരുടെ തുടൎച്ചയായ ചരിത്രകഥനം വിദ്യാൎത്ഥികൾക്കും അദ്ധ്യാപകന്മാൎക്കും ആസ്വാദ്യയോഗ്യമായ ഗ്രന്ഥങ്ങളായിത്തീരും.

പുരാണപുരുഷന്മാരെ തിരഞ്ഞെടുക്കുന്നതിൽ ഉചിതജ്ഞതയുണ്ടാകുന്നതായാൽ ദേശാഭിമാനത്തേയും മതാഭിമാനത്തേയും സ്ഥിരപ്രതിഷ്ഠ ചെയ്വാൻ സാധിക്കാതെ വരിക

യില്ല. യുധിഷ്ഠിരൻ, പ്രഹ്ലാദൻ, ജഡഭരതൻ മുതലായ പുരാണപുരുഷന്മാരുടെ ചരിത്രങ്ങൾ എഴുതപ്പെട്ടിട്ടുള്ള സ്ഥിതിക്കു പുരാണഋഷികളുടെ ചരിത്രവും അത്യാവിശ്യമായിരിക്കും. ആരംഭം പുരാണകാരകനായ വേദവ്യാസരാകട്ടെ എന്നു കരുതിട്ടാണ് വേദവ്യാസചരിത്രം എഴുതാൻ പുറപ്പെട്ടത്.

വേദവ്യാസരുടെ കഥ പല പുരാണങ്ങളിലുമായി ചിന്നിച്ചിതറിക്കിടക്കുന്നതിനെ കൂട്ടിച്ചേൎത്തു സംക്ഷേപമായി, ഇന്നത്തെ പ്രതിപാദനരീതിയെ അനുസരിച്ച് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ അവസാനത്തിൽ ചേൎത്തിട്ടുള്ള പദ്യം ഒഴികെ, ഇതിൽ ഉദ്ധരിച്ചിട്ടുള്ള മററ പദ്യങ്ങളെല്ലാം ഓരോ ഗ്രന്ഥങ്ങളിൽനിന്നെടുത്തിട്ടുള്ളതാണ്. ദേവീഭാഗവതത്തിൽ നിന്നെടുത്തിട്ടുള്ള പദ്യങ്ങൾ ആണ് അധികം. പുസ്തകാവസാനത്തിൽ കലാശമായി ചേൎത്തിട്ടുള്ള വ്യാസവന്ദനപദ്യം എന്റെ സ്വയംകൃതിയാകുന്നു.

ഈ പുസ്തകം വേദവ്യാസരുടെ ചരിത്രത്തെപ്പററി വായനക്കാരുടെ ഹൃദയത്തിൽ ലഘുവായ ഒരു ജ്ഞാനമെങ്കിലും അങ്കുരിപ്പിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

പി. ആർ. നാരായണയ്യർ.

1113
H.68
MALAYINKEEL

ശ്രീ

# വേദവ്യാസൻ.

ഉപോൽഘാതം

അഷ്ടാദശപുരാണങ്ങളുടെ കൎത്താവായ ഋഷിവൎയ്യനാകുന്നു ഈ പുസ്തകത്തിലെ കഥാനായകൻ. യാതൊരു പുണ്യപുരുഷൻ പുരാണരൂപമായി വേദാൎത്ഥങ്ങളേയും സൎവ്വശാസ്ത്രങ്ങളേയും വിശദമായി പ്രതിപാദിച്ചുവോ, കുന്നായിക്കൂടി പിണഞ്ഞു വാലും തലയുമില്ലാതെ കിടന്നിരുന്ന വേദങ്ങളെ ഋക്, യജുസ്സ്, സാമം, അഥൎവ്വം എന്നിങ്ങിനെ വിഭാഗിച്ചു ലോകോപകാരമായി യാതൊരു കരുണാമൂൎത്തി വേദപരിധി കല്പിച്ചുവോ, നിൎഗ്ഗുണവും അനിൎവ്വാച്യവും ആയ ബ്രഹ്മത്തെ ഭഗവദ്ഗീതാരൂപങ്ങളായി പുരാണങ്ങളിൽ അവിടവിടേയായി യാതൊരു വേദജ്ഞൻ സംഘടിപ്പിച്ചുവോ, ആ ഋഷികുലോത്തംസത്തെപ്പററി പൂൎണ്ണമായ ജ്ഞാനം ഉണ്ടാകുന്നതായാൽ, അതിൽ ഉപരിയായ ഭാഗ്യം മറെറാന്നും ഒരുവൻെറ ജീവദശയിൽ ഉണ്ടാകാനില്ല. നമുക്ക് ഇന്നുള്ള അറിവുകളെയെല്ലാം സംഭരിച്ചു വെക്കപ്പെട്ടിട്ടുള്ളതു പുരാണങ്ങളിലാകുന്നു. പുരാണങ്ങളിലുള്ള ഉപദേശങ്ങളാകട്ടെ, അവയെ ഉപയോഗിക്കുന്തോറും വൎദ്ധിച്ചുവരുന്ന അമൂല്യരത്നങ്ങളാണ്. ഏവംവിധമായ ഒരു കലവറയെ ശാശ്വതമായി നിൎമ്മിച്ചു, പല സാധനങ്ങളേയും അതിൽ ശേഖരിച്ചു, സാമാനങ്ങൾക്കെല്ലാം

പ്രത്യേകം പ്രത്യേകം അറകളും നിയമിച്ച്, ആവശ്യമുള്ള വക്കെല്ലാം വില കൂടാതെ ദാനം ചെയ്യാൻ പുരാണരൂപമായി ഒരു ഏർപ്പാടു ചെയ്തിട്ടുള്ള ആ പരോപകാരിയെ സ്മരിച്ചാൽതന്നെ, പാപം നശിക്കുന്നതാണ്. സാമാനങ്ങളെ വേണ്ടുംവണ്ണം ഒരുക്കി മര്യാദയായ വിലയും കെട്ടി ലേബലും ഒട്ടിച്ചുവെച്ചിട്ടുള്ള ഒരു പീടികയെ കാണുമ്പോൾ, നമുക്ക് എത്രകണ്ട് ആഹ്ലാദം ഉണ്ടെന്നു ചിന്തിക്കുക. കയ്യിൽ പണം ഉണ്ടെങ്കിൽ കച്ചവടപ്പീടികയിൽ നാം കയറാതെ ഇരിക്കുകയില്ല. ജ്ഞാനസമ്പാദനത്തിൽ താല്പര്യമുള്ളവർ ആരും, വേദവ്യാസരുടെ കലവറയിൽ കടന്നു ചെല്ലാതിരിക്കുകയില്ല. വേദവ്യാസരാകട്ടെ അമൂല്യങ്ങളായ ഉപദേശങ്ങളെ, ജിജ്ഞാസുക്കളുടെ താരതമ്യം അനുസരിച്ചു, പുരാണങ്ങളിലും വേദങ്ങളിലും ശാസ്ത്രങ്ങളിലും ഒതുക്കിവെച്ചു, യാതൊരു പ്രതിഫലേച്ഛയും കൂടാതെ പണ്ഡിതന്മാരേയും പാമരന്മാരേയും ക്ഷണിക്കുന്നു. ഇത്ര ഉദാരശീലനായ പുണ്യാത്മാവിനാൽ ദത്തമായ വിവിധ പദാർത്ഥങ്ങളെ ആസ്വാദിക്കാൻ നമുക്കു സന്ദർഭവും സൌകര്യവും ഇല്ലെന്നു വരുന്നതു നമ്മുടെ പാപപരമ്പരയാണ്. പുരാണാദികൾ എഴുതുവാൻ തൻെറ ജീവകാലം മതിയാകുമോ എന്നു സംശയിച്ച്, അതിവേഗത്തിൽ ലേഖനം ചെയ്യുന്ന ഒരു ഗുമസ്തനെ സമ്പാദിക്കുന്നതിൽ, വേദവ്യാസർക്കു പ്രതിബന്ധങ്ങൾ നേരിട്ടുവെങ്കിലും, അവയെ ഒന്നും വകവെക്കാതെ പരോപകാരാസക്തനായി വേദവ്യാസൻ മഹാഗണപതിയെയാണു പുരാണലേഖനം ചെയ്യാൻ ഗുമസ്തനായി സമ്പാദിച്ചത്. ഇന്നത്തെ ചുരുക്കെഴുത്തു (short-hand) ദ്രുതലേഖനത്തിന്നു ഉപ

യോഗമായ്ത്തിരുന്നു. സംസാരിക്കുന്ന വേഗത്തിൽ എ ഴുതിത്തിക്കാം. വേദവ്യാസരുടെ ഗ്രന്ഥസ്ഥാനം കയ്യേ ററ വിഘ്നേശ്വരൻ വിചാരവേഗതയോടുകൂടിയാണ് എ ഴുതിയിരുന്നത്. വേദവ്യാസർ മനസ്സിൽ വിചാരിക്കുന്ന തും വിഘ്നേശ്വരൻ എഴുതുന്നതും ഒരേ വേഗതയോടുകൂടി യായിരുന്നു. അപ്രകാരമുള്ള വേഗതയോടുകൂടി ഗ്രന്ഥപ രമ്പരകളെ നിർമ്മിച്ച വേദവ്യാസരെ

"വ്യാസം വസിഷ്ഠനപ്താരം
ശക്തേഃ പൌത്രമകന്മഷം
പരാശരാത്മജംവന്ദെ
ശുകതാതം തപോനിധിം"

എന്നുള്ള ദിവ്യശ്ലോകത്താൽ വന്ദനം ചെയ്തുംകൊണ്ട് അ ദ്ദേഹത്തിൻെറ ഉല്പത്തിയെപ്പററി ആലോചിക്കാം.

**വേദവ്യാസോല്പത്തി.**

സത്യധർമ്മാദിഗ്ഗുണഗണങ്ങളുടെ നിവാസഭൂമിയായി കരുതപ്പെടുന്ന വസിഷ്ഠമഹർഷിയുടെ പൌത്രനായ പരാശ രമുനി, കാളിന്ദീനദിയെ തരണം ചെയ്യുന്ന സന്ദർഭത്തിലാ ണു, വേദവ്യാസർ അവതീർണ്ണനായത്. പരാശരമുനി ഒ രു ദിവസം കാളിന്ദീനദിയുടെ കരയിൽ വന്നുചേൎന്നു. അ ദ്ദേഹത്തിന്ന് അടിയന്തരമായി പുഴ കടന്ന് അക്കരെയ്ക്കു പോകേണ്ടിയിരുന്നു. കടവു കടത്തിയിരുന്ന കൈവൎത്ത കൻ വേറെ ജോലിയിൽ ഏൎപ്പെട്ടിരുന്നതുകൊണ്ട്, അ യാൾ തൻെറ മകളായ കാളിയോടു, മാമുനിപ്രവരനെ അ ക്കരെ കടത്തിവിടുവാൻ ആജ്ഞാപിച്ചു. ശൈശവകാലം മുതല്ക്കുതന്നെ, കാളിന്ദീനദിയിൽ നീന്തിക്കളിച്ചു വളൎന്നിരു ന്നവളും, യൌവനദശയിൽ കാലെടുത്തു വെയ്ക്കുന്നവളും, പാന്ഥന്മാരെ തോണി കടത്തുമ്പോൾ പങ്കായം പിടിക്കു

ന്ന വ്യായാമത്താൽ സഹജകോമളമായ ദേഹത്തെ നയനാനന്ദപ്രദമാക്കിത്തീർത്തവളും ആയ കാളി, പങ്കായവും കയ്യുമായി പരാശരന്റെ പുരോഭാഗത്തിൽ വന്നുനിന്നു. ജിതേന്ദ്രിയനായ പരാശരമുനിയുടെ സ്ഥൈര്യം ശിഥിലമായി. അപ്പോഴം സൂര്യഭഗവാൻ കിഴക്കുഭാഗത്ത് ഉദിച്ചുയരുന്ന സമയമായിരുന്നു. നദിയുടെ അക്കരെ കടന്നു സ്നാനം കഴിച്ചു നിത്യകർമ്മങ്ങളെ നിറവേററണമെന്നുള്ള വിചാരത്തോടുകൂടി പുഴ കടക്കുവാൻ ധൃതികൂട്ടിയിരുന്ന മാമുനിയുടെ വിചാരം മുഴുവനും, കാളിയുടെ കുഡ്മളകുചകുളമദ്ധ്യത്തിൽ ലയിച്ചു. ഉന്തിത്തള്ളി പുറപ്പെടുന്ന മനോവികാരങ്ങളെ അടക്കുവാൻ പരാശരമുനി എത്രതന്നെ പണിപ്പെട്ടിട്ടും പ്രാപ്തനായില്ല. തോണിയുടെ അമരത്തിൽ ഇരുന്നു പങ്കായം പിടിക്കുന്ന കാളിയുടെ അംഗസൌഷ്ഠവം പ്രതിനിമിഷം വർദ്ധിക്കുന്നുണ്ടെന്നു മാമുനിക്കു തോന്നി. നദീമദ്ധ്യത്തിൽ എത്തിയപ്പോഴെയ്ക്കു സ്മരപരവശനായി പരാശരൻ കാളിയോടു തന്റെ വാഞ്ഛിതത്തെ അറിയിച്ചു. മുനീന്ദ്രന്റെ അഭിലാഷയെ സാധിപ്പിച്ചുകൊടുക്കാത്തപക്ഷം അദ്ദേഹം ശപിക്കുമോ എന്നു കാളി ഭയപ്പെട്ടു.

കാളി— മാമുനീന്ദ്ര! അടിയൻ നീചകുലത്തിൽ ജനിച്ചു പെൺകുട്ടിയാണ്. ജനനംമുതൽക്കു മത്സ്യം ഉണക്കുകയും വേവിക്കുകയും ഭക്ഷിക്കുകയും ആയിട്ടാണ് അടിയൻ കഴിച്ചുകൂട്ടിട്ടുള്ളത്. എന്റെ ദേഹത്തിൽനിന്ന് ഒരിക്കലും വിട്ടുപിരിയാത്ത മത്സ്യഗന്ധത്തെ തിന്തിരുവടി എങ്ങിനെ സഹിക്കും. ഇതുമാത്രമല്ല, അടിയൻ ഒരു കന്യകയും ആണ്. തിരുമേനി അടിയനെ പരി

ഗ്രഹിക്കുന്നതായാൽ, തിരുമേനിയുടെ കീൎത്തിക്കും, തപോനിഷ്ഠയ്ക്കും വിഘ്നം വരുമല്ലോ.

പരാശരൻ— സുന്ദരീ! നീ പറയുന്നതു ശരിതന്നെയാണ്. എന്റെ ഹൃദയം എപ്പോഠം നിന്നെ പരിഗ്രഹിക്കാൻ എന്നെ പ്രേരിപ്പിച്ചുവോ, അപ്പോഠംതന്നെ നീ പരിശുദ്ധയാണ്. നീചകുലജാതയായ ഒരു കന്യകയിൽ എന്റെ ഹൃദയം അസംഗതമായി പ്രവേശിക്കുകയില്ല. ലോകോപദേഷ്ടാവായി മഹാവിഷ്ണു അവതരിക്കേണ്ടതുണ്ട്. എന്റെ പുത്രനായിട്ടാണു കരുണാകരനായ അനന്തശായി അവതരിക്കാൻ പോകുന്നത്. അതുകൊണ്ടു നീ ഒട്ടും ഭയപ്പെടേണ്ട. നിന്റെ ദേഹത്തിലുള്ള മത്സ്യഗന്ധം ഇപ്പോഠം വിട്ടൊഴിയും. ശാശ്വതമായ കസ്തൂരിഗന്ധം നിന്നിൽ അധിവസിക്കുകയും ചെയ്യും. കന്യകയാണെന്നുള്ള ദോഷത്തിന്നും പരിഹാരമുണ്ട്. നീ ഇപ്പോഠംതന്നെ ഋതുമതിയായ അംഗനാരത്നമായി ഭവിക്കും.

പരാശരൻ ഇപ്രകാരം അരുളിച്ചെയ്തു ഉടനേ കാളിയുടെ ദേഹത്തിൽനിന്നു പരിമളമായ കസ്തൂരിഗന്ധം നാലുഭാഗങ്ങളിലും വ്യാപിച്ചുതുടങ്ങി. രതീദേവിയുടെ അവതാരംപോലെ മുഖവത്തരുണി പ്രകാശിച്ചു. പരാശരമുനി ആ യുവതിയുടെ കരംപിടിക്കാൻ ഭാവിച്ചു. കാളി ലജ്ജയോടുകൂടി തലതാഴ്ത്തിക്കൊണ്ടു പറഞ്ഞു.

കാളി— മാമുനേ! അടിയൻ വിഘ്നങ്ങഠം പറയുന്നുവെന്നു തിരുവുള്ളക്കേടുണ്ടാകരുത്. അതാ കിഴക്കുഭാഗത്തു സൂൎയ്യൻ ഉദിച്ചുപൊങ്ങുന്നേയുള്ളു. പുഴയുടെ മദ്ധ്യത്തിലാണ് നാം ഇരിക്കുന്നത്. ഇരുകരകളിലും ജനങ്ങഠം

ധാരാളം ഉണ്ട്. നദീമദ്ധ്യത്തിൽവെച്ച് അടിയനെ പരിഗ്രഹിച്ചാൽ ജനങ്ങളെല്ലാവരും കാണും. അപവാദത്തിനും അപമാനത്തിനും കാരണമായിത്തീരും. തിരുമേനിക്കു അറിവില്ലാത്ത സംഗതികളല്ല അടിയൻ പറയുന്നത്. വിവാഹം കഴിയാതെ അടിയൻ ഗർഭംധരിച്ചാൽ ജനങ്ങൾ അടിയനെ എന്തു പറയും?

പരാശരൻ— സുന്ദരി! നീ അക്കാര്യങ്ങളെപ്പററി ഒട്ടും വ്യസനിക്കേണ്ട. എൻെറ തപോനിഷ്ഠയാൽ ഞാൻ സകല സൌകര്യങ്ങളും ഉണ്ടാക്കാം. നീ എൻെറ വാഞ്ഛിതത്തെ പൂർത്തിയാക്കിത്തന്നശേഷം വീണ്ടും കന്യകയായി ഭവിക്കും.

തപോധനന്മാക്ക് അസാദ്ധ്യമായ കാര്യം വല്ലതും ഉണ്ടോ? അവരുടെ മനസ്സിൽ വല്ല ആഗ്രഹങ്ങളും ഉണ്ടായാൽ പ്രതിബന്ധങ്ങളെല്ലാം ആദിത്യകിരണം തട്ടിയ ഹിമകണങ്ങൾപോലെ പിൻവാങ്ങിനില്ക്കും. കാളിയുടെ തോണിയുടെ ചുററം അരനിമിഷനേരത്തിൽ നിബിഡമായ കാർമേഘങ്ങൾ നിറഞ്ഞു. നദിയുടെ കരകളിൽ നില്ക്കുന്നവക്കു തോണിയേയും അതിലെ പ്രയാണികളേയും കാണാൻവയ്യാതെയായി. ഭൂലോകാവതീർണ്ണനാകാൻ പോകുന്ന വേദവ്യാസരെ വഹിക്കാനെന്നപോലെ ഭൂമിദേവി നദീമദ്ധ്യത്തിൽ ഉയൻറു രമണീയമായ ഒരു ദ്വീപായി വത്തിച്ചു. പരാശരമുനി കൈവത്തകത്തരുണിയെ, തോണിയിൽനിന്നു ദ്വീപിൽ കൈ പിടിച്ചിറക്കി. പരാശരമുനിയുടേയും മുക്കുവപ്പെൺകുട്ടിയുടേയും സമ്പക്ത്തിൻെറ ഫലമായി വേദവ്യാസർ അവതരിച്ചു. ജനനിയുടെ ഉദരകന്ദരത്തിൽ പത്തുമാസം കിടന്നു കഷ്ടപ്പെട്ടിട്ടല്ല വേദ

വ്യാസർ അവതരിച്ചത്. ജനിച്ചപ്പോൾതന്നെ വേദവ്യാസർ പതിനാറുവയസ്സു തികഞ്ഞ യുവാവായിരുന്നു. ലോകികദൃഷ്ട്യാ നോക്കുന്നതായാൽ വേദവ്യാസരുടെ ജനനം അത്ഭുതമായിരിക്കുകയേ ഉള്ളൂ. പത്തുമാസം ജനനീജഠരത്തിൽ കിടക്കാതേയും, ശൈശവകൌമാരദശകളെ അനുഭവിക്കാതേയും, പതിനാറുവയസ്സിൽ ഒരു പുത്രൻ ജനിച്ചുവെന്നു പറയുന്നതു മഹാഭോഷ്ക്കാണെന്നു, ആധുനികന്മാർ പൂഷരിക്കുമായിരിക്കാം. ദിവ്യന്മാരുടെ ജനനത്തേയും, അവരുടെ ചരിത്രത്തേയും, മനുഷ്യവൃത്തികളോടു താരതമ്യപ്പെടുത്തിക്കൂടെന്നു ധരിച്ചാൽ, പൂഷരരസം ഉണ്ടാകയില്ല. ക്രിസ്തു, ബുദ്ധൻ, ശങ്കരാചാൎയ്യർ, ശ്രീകൃഷ്ണൻ മുതലായ ദിവ്യപുരുഷന്മാരുടെ ഉല്പത്തിയും ചരിത്രവും, അത്ഭുതത്തെ ജനിപ്പിക്കാതിരിക്കുന്നുണ്ടോ? അവരെ സാധാരണമനുഷ്യരുടെ കണക്കിൽപ്പെടുത്താറുണ്ടോ? പ്രകൃതിനിയമങ്ങളെ അതിലംഘിക്കാൻ അവൎക്കു ത്രാണിയുണ്ട്. അതുകൊണ്ടു വേദവ്യാസോല്പത്തിയെപ്പററി ന്യായമായി ആശ്ചൎയ്യപ്പെടുവാനും സമാധാനിക്കാനും മാത്രമേ തരമുള്ളൂ.

വ്യാസമാതാവിൻെറ പൂൎവ്വവൃത്താന്തം.

അദ്രികയെന്നു പേരായ അപ്സരസ്ത്രീ ബ്രഹ്മശാപത്താൽ മത്സ്യമായി ജനിക്കേണ്ടിവന്നു. ചേദിരാജ്യാധിപനായിരുന്ന വസുരാജാവു, ദേവേന്ദ്രനെ ഭജിച്ചു ദേവേന്ദ്രോപമനായി രാജ്യഭാരം ചെയ്യുംകാലം ഒരു ദിവസം നായാട്ടിന്നായി പുറപ്പെട്ടു. ഋതുസ്നാനം കഴിഞ്ഞിരുന്ന തൻെറ പ്രിയതമയെ കാനനമദ്ധ്യത്തിൽവെച്ചു വസുരാജാവു സ്മരിക്കുകയും, ബീജം സ്ഖലിക്കുകയും ചെയ്തു. ബീജത്തെ നശിപ്പിക്കരുതെന്നോൎത്തു രാജാവ് ഒരു പരുന്തിൻെറവശം

ബീജത്തെ ഭാൎയ്യക്കു കൊടുത്തയച്ചു. യമുനാനദിയുടെ ഉപരിഭാഗത്തിൽ ആ പക്ഷിശ്രേഷ്ഠൻ എത്തിയപ്പോൾ, മറെറാരു പക്ഷിയുമായി യുദ്ധം ചെയ്യേണ്ടിവന്നു. ബീജം നദിയിൽ പതിച്ചു. മത്സ്യത്തരുണിയായ അദ്രിക, ആ ബീജത്തെ വിഴുങ്ങി. കാലചക്രത്തിൻെറ ഭ്രമണത്തിൽപ്പെട്ടു വലഞ്ഞുകൊണ്ടിരുന്ന അദ്രിക ഒരു ദിവസം കൈവൎത്തകൻെറ വലയിൽ അകപ്പെട്ടു. കൈവൎത്തകൻ മത്സ്യത്തെ അറുത്തുനോക്കിയപ്പോൾ, മത്സ്യോദരത്തിൽ രണ്ടു മനുഷ്യശിശുക്കൾ കാണപ്പെട്ടു. ഒന്നു പുരുഷനും മറേറതു സ്ത്രീയും. മത്സ്യഗൎഭത്തിൽനിന്നു ലഭിച്ച ശിശുക്കളെ കൈവൎത്തകൻ വസുരാജസന്നിധിയിൽ ഹാജരാക്കി. പുരുഷപ്രജയെ നരവരൻ സ്വീകരിക്കുകയും, സ്ത്രീപ്രജയേ കൈവൎത്തകന്നുതന്നെ വിട്ടുകൊടുക്കുകയും ചെയ്തു. ആ സ്ത്രീപ്രജ കാളി എന്ന നാമധേയത്തോടുകൂടി മുക്കുവൻെറ വീട്ടിൽതന്നെ വളൎന്നു. മത്സ്യരൂപിണിയായ അപ്സരസ്ത്രീയുടെ ഗൎഭത്തിൽനിന്നുല്പാദിക്കുകയാൽ കാളിക്കു മത്സ്യലക്ഷണമായ ദുൎഗ്ഗന്ധവും, അപ്സരസ്ത്രീ ലക്ഷണമായ സൌന്ദൎയ്യവും ഉണ്ടായി. പരാശരസംഗമത്തിന്നുശേഷം കാളിക്കു കസ്തൂരിഗന്ധികയെന്നും, സത്യവതിയെന്നും, പേരുണ്ടായി. വേദവ്യാസരുടെ ജനനം കൈവൎത്തകന്യകയിലാണെന്നുള്ള പോരായ്മക്കവകാശമില്ല. കൈവൎത്തകന്യകയായി പങ്കായംപിടിച്ചു തോണിയോടിച്ചിരുന്ന കാളി അപ്സരസ്ത്രീയുടെ ഗൎഭത്തിൽ സംസ്കരിക്കപ്പെട്ട രാജബീജമാണെന്നറിയുമ്പോൾ വേദവ്യാസൻെറ മാഹാത്മ്യത്തിന്നു മാററുകൂടിക്കാണും.

വ്യാസരുടെ കുലമഹിമ.

ഇക്കാലത്ത് ഒരു പുരുഷന്റെ മാഹാത്മ്യത്തെ ചിന്തിക്കുമ്പോൾ അദ്ദേഹത്തിന്റെ പിതാവിനേയും, പിതാമഹനേയും, പ്രപിതാമഹനേയുംപററി ആലോചിക്കുക പതിവാണ്. വേദവ്യാസരുടെ പ്രപിതാമഹൻ വിനയം കൊണ്ടും വിശിഷ്ടതകൊണ്ടും അദ്വിതീയനായ വസിഷ്ഠരാകുന്നു. വിശ്വാമിത്രമഹർഷി തന്റെ മഹിമയെ സ്ഥാപിക്കാൻ വേണ്ടി വസിഷ്ഠമഹാത്മ്യത്തെ അധഃകരിക്കാൻ ഉത്സാഹിച്ച സമയങ്ങളിലെല്ലാം, ക്ഷാന്തിയേയും വിനയത്തേയും അവലംബമാക്കിയ തപോധനനെപ്പററി അധികം വിസ്തരിക്കേണമെന്നില്ല. ഒരു ചെറിയ സംഭവത്തെ മാത്രം ഇവിടെ ഉദ്ധരിച്ചാൽ മതിയാവുന്നതാണ്. വിശ്വാമിത്രമഹർഷിക്കു താൻ വസിഷ്ഠനേക്കാൾ യോഗ്യനും ജ്ഞാനിയും ആണെന്നുള്ള അഹംഭാവമുണ്ടായി. ഇവരുടെ ഗുണങ്ങളെ ശരിയായി അറിഞ്ഞ് അഭിപ്രായം പറയുവാൻ പ്രാപ്തനായ സാൎവ്വഭൌമൻ മഹാവിഷ്ണുവല്ലാതെ മററാരും ഇല്ലാത്തതുകൊണ്ടു രണ്ടുപേരും വിഷ്ണുസന്നിധിയിൽ ഹാജരായി. മഹാവിഷ്ണു ഒരു സൂത്രം പ്രയോഗിച്ചു രണ്ടു തപോധനന്മാൎക്കും ഓരോ കദളീഫലം കൊടുത്തു. 'നിങ്ങൾ രണ്ടുപേരും മററാരും കാണാതെ ഈ കദളീഫലങ്ങളെ ഭക്ഷിച്ചു വരിക. അതിന്നുശേഷം ഞാൻ എന്റെ അഭിപ്രായം പറയാം' എന്നു പറഞ്ഞു വൈകുണ്ഠവാസി ഋഷികളെ പറഞ്ഞയച്ചു. വിശ്വാമിത്രൻ ഒരു വിജനസ്ഥലത്തിൽ പോയി ആരും കാണാതെ കദളീഫലം ഭക്ഷിച്ചു ശേഷം വിഷ്ണുസന്നിധിയിൽ ഹാജർ കൊടുത്തു. വസിഷ്ഠർ കദളീഫലത്തെ ഭക്ഷിക്കാതെ ഹാജരായി. 'വസിഷ്ഠമഹാമു

ന്നേ! കദളീഫലം കയ്യിൽതന്നെ ഇരിക്കുന്നുണ്ടല്ലോ' എന്നു മന്ദസ്മിതത്തോടുകൂടി മഹാവിഷ്ണു അരുളിച്ചെയ്തു. 'പ്രഭോ! ആരും കാണാതെ കദളീഫലത്തെ ഭക്ഷിക്കാൻ സാധിച്ചില്ല. എവിടെ നോക്കിയാലും സൎവ്വവ്യാപിയായ നിന്തിരുവടിയെ കാണുന്നു. നിന്തിരുവടി കാണാതെ ഞാൻ എങ്ങിനെ ഈ ഫലത്തെ ഭക്ഷിക്കും' എന്നു വസിഷ്ഠൻ ബോധിച്ചു. മഹാവിഷ്ണുവിന്റെ അഭിപ്രായപ്രകടനം ഉടനെ കഴിഞ്ഞു. വസിഷ്ഠർ തന്നെയാണു വിശിഷ്ടൻ എന്നുള്ള 'സൎട്ടിഫിക്കെററ' നമ്മുടെ വസിഷ്ഠർ വിഷ്ണുവിൽനിന്നു സമ്പാദിച്ചു. ക്ഷീരാബ്ധിശായിയായ സൎവ്വാന്തൎയ്യാമിയുടെ അനുമോദനപത്രം വാങ്ങിയ യതിശ്രേഷ്ഠന്റെ പ്രപൌത്രൻ തന്റെ പ്രപിതാമഹന്റെ സൎവ്വജ്ഞപദവിയെ തറവാട്ടുമുതലായി സംരക്ഷിച്ചു. സംരക്ഷിക്ക മാത്രമല്ല ചെയ്തത്, അഭിവൃദ്ധിയെ പ്രാപിപ്പിച്ചു. തറവാട്ടുമുതലിനെ നശിപ്പിക്കാതെ സംരക്ഷിക്കുന്നതു ശ്ലാഘ്യമായ ഗുണംതന്നെയാണെങ്കിലും, അതിനെ അഭിവൃദ്ധി ചെയ്തു് അനന്തിരവന്മാർ ശാശ്വതമായി അനുഭവിക്കത്തക്കവണ്ണം ഉറപ്പിക്കുന്നതാണു് ശ്ലാഘ്യതരം. വേദവ്യാസർ ഈ വിഷയത്തിൽ പ്രദൎശിപ്പിച്ചിട്ടുള്ള കൈകാൎയ്യകൎത്തൃത്വത്തെ വഴിയെ വിവരിക്കാം.

**വ്യാസരുടെ പിതാമഹൻ.**

വ്യാസരുടെ പ്രപിതാമഹനോളംതന്നെ യോഗ്യതതികഞ്ഞാളായിരുന്നു പിതാമഹനും. അദ്ദേഹമാണു ശക്തിയെന്ന ഋഷിവൎയ്യൻ. ക്ഷമയുടെ നികേതനസ്ഥാനമായ ശക്തി ഗൃഹസ്ഥാശ്രമം ദീക്ഷിച്ചു തപോവനത്തിൽ താമസിക്കുന്ന കാലത്തു സൂൎയ്യവംശത്തിലെ മദയന്തി എന്ന നരവരൻ ശക്തിയെ കടിച്ചുതിന്നാൻ ഇടയായി. ശക്തി

മരിക്കുന്ന കാലം ശക്തിയുടെ പത്നി ഗർഭവതിയായിരുന്നു. ഭർത്തൃമരണത്തെപ്പററി വ്യസനിച്ചും കണ്ണീരൊലിപ്പിച്ചും ശക്തിയുടെ പത്നി കുറേദിവസം കഴിച്ചുകൂട്ടി. ഒരുദിവസം ശക്തിപത്നിയുടെ ഉദരത്തിൽനിന്ന് ഒരു ശബ്ദം മുഴങ്ങി കേട്ടു. പ്രണവശബ്ദമായിരുന്നു ആ മുഴക്കം എന്നു ശക്തിയുടെ പത്നിക്ക് അപ്പോൾ മനസ്സിലായില്ല. വസിഷ്ഠൻ, തൻെറ പുത്രഭാര്യയുടെ ഉദരകന്ദരത്തിൽനിന്നു പുറപ്പെടുന്ന പ്രണവദ്ധ്വനിയെ കേട്ടപ്പോൾ, വേദവിഭാഗകർത്താവായി അവതരിക്കാൻ പോകുന്ന വേദവ്യാസൻെറ പിതാവു, വേദോച്ചാരണം ചെയ്കയാണെന്നു മനസ്സിലാക്കി. ശക്തിയുടെ പത്നി പൂർണ്ണഗർഭിണിയായി പ്രസവിച്ചു. ആ ഉത്തമസന്താനമാകുന്നു പരാശരൻ. ഗർഭത്തിൽ ഇരിക്കുമ്പോൾതന്നെ വേദദ്ധ്വനി മുഴക്കിക്കൊണ്ടിരുന്ന ഋഷിവര്യൻെറ പുത്രൻ വേദവിഭാഗത്തിന്നും, പുരാണനിർമ്മാണത്തിന്നും, പ്രാപ്തനായ മഹാത്മാവാണെന്നുള്ള രഹസ്യം വേദവ്യാസൻെറ ജനനത്തിന്നുമുമ്പുതന്നെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതായിരുന്നു.

**കൃഷ്ണദ്വൈപായനൻ.**

വ്യാസന്മാർ പലരും ഉണ്ടായിട്ടുണ്ട്. ഓരോ യുഗത്തിലും പുരാണകർത്താക്കന്മാരായി ഓരോ വ്യാസൻ അവതരിച്ചിട്ടുണ്ടെന്നാണു വ്യാസശിഷ്യനായ സൂതമുനി പറയുന്നത്. ലോകോല്പത്തിക്കുശേഷം ഇരുപത്തെട്ടു ദ്വാപരയുഗങ്ങൾ കഴിഞ്ഞുപോയി. ഓരൊ ദ്വാപരയുഗത്തിൽ ഓരോ വ്യാസമഹർഷി അവതരിച്ചിട്ടുണ്ട്. ഇരുപത്തെട്ടാമത്തെ ദ്വാപരയുഗം കഴിഞ്ഞശേഷമുള്ള കലിയുഗമാണു ഇപ്പോഴത്തെ കാലം. ആദ്യത്തെ ദ്വാപരയുഗത്തിൽ ബ്ര

ഷമായായിരുന്നു വ്യാസമുനിയായി അവതരിച്ചത്. രണ്ടാമത്തെ ദ്വാപരയുഗത്തിൽ അവതരിച്ച വേദവ്യാസൻ പ്രജാപതിയാകുന്നു. ഇപ്രകാരം ഇരുപത്തേഴ വേദവ്യാസന്മാൎക്കുശേഷം അവതീൎണ്ണനായ വ്യാസമുനിക്കു കൃഷ്ണദ്വൈപായനൻ എന്നു പേർ. കാളിന്ദീനദിമദ്ധ്യവൎത്തിയായ ദ്വീപിൽ അവതരിച്ചതുകൊണ്ടു ദ്വൈപായനൻ എന്നും, നിറം കറുപ്പായതുകൊണ്ടു കൃഷ്ണനെന്നും നമ്മുടെ വ്യാസമുനിക്കു പേരുണ്ടായി. രണ്ടു നാമങ്ങളേയും കൂട്ടിച്ചേൎത്തു നാം നമ്മുടെ വ്യാസരെ കൃഷ്ണദ്വൈപായനൻ എന്നു പറയുന്നു. ബദരഷണ്ഡം അയനമാകയാൽ ബാദരായണനെന്നും, പരാശരപുത്രനാകയാൽ പാരാശൎയ്യനെന്നും, വേദങ്ങളെ വ്യാസം ചെയ്കയാൽ വേദവ്യാസനെന്നും, നമ്മുടെ കഥാനായകനു നാമങ്ങൾ ഉണ്ടായി. ഭൂജാതനായമാത്രത്തിൽതന്നേ കൃഷ്ണദ്വൈപായനൻ തപസ്സു ചെയ്വാൻ യാത്രയായി. "അമ്മേ! ഞാൻ തപസ്സിന്നു പോവുകയാണ്. എന്നെ എപ്പോൾ കാണേണമെന്നു തോന്നുന്നുവോ അപ്പോൾ എന്നെ സ്മരിച്ചാൽ മതി. ഞാൻ എത്തിക്കൊള്ളാം" എന്നു പറഞ്ഞുംകൊണ്ടു ജനനിയെ നമസ്കരിച്ചു യാത്രയും വാങ്ങി വേദവ്യാസൻ പുറപ്പെട്ടു. ഉടനേതന്നെ കസ്തൂരിഗന്ധിക, കന്യകയായി ഭവിച്ചു. വ്യാസജനനത്തിന്നു കാരണഭൂതനായി ഭവിക്കേണ്ടതായ ഭാരം തനിക്കുണ്ടെന്നും, ആ ഭാരത്തെ നിൎവ്വഹിച്ചശേഷം താൻ പുത്രനേയും കളത്രത്തേയും പററി ചിന്തിക്കേണ്ട ഭാരമില്ലെന്നും, മുൻകൂട്ടിത്തന്നെ നിശ്ചയിച്ചിരുന്ന പരാശരമുനി, കാളിയോടും ദ്വൈപായനനോടും യാത്ര പറഞ്ഞു പിരിഞ്ഞു. സത്സംഗം ഹേതുവാൽ കാളിയുടെ ദോഷങ്ങൾ മുഴുവനും നശിച്ചു.

"നല്ലവരോടുകൂടി സംസൎഗ്ഗമുണ്ടാകുന്നാൽ
നല്ലതുമാകാത്തതുമുണ്ടാമെന്നിരിക്കിലും
നല്ലതുപോകയില്ല പോകുമാകാത്തതെല്ലാം
നല്ലതില്ലേതും മററുസംസംഗത്തിനുസമം"

എന്നുള്ള ആപ്തവാക്യത്തെ സത്യവതിയുടെ ചരിത്രം എത്ര വിശദമായി തെളിയിച്ചിട്ടുണ്ടെന്നു നോക്കുക. ശന്തനുമഹാരാജാവിൻെറ പത്നിയായിരുന്നു വംശവൎദ്ധനയ്ക്കുവേണ്ടി സത്യവതീദേവി പ്രവൎത്തിച്ചിട്ടുള്ള കാൎയ്യങ്ങളും, തന്മൂലം പാണ്ഡവാദികൾ ജാതന്മാരായതും മററും, ഭാരതകഥാപ്രോക്തമാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല.

വേദവിഭാഗം.

ആദ്യന്തരഹിതമായ ബ്രഹ്മത്തെ വൎണ്ണിക്കുന്നതും, ബ്രഹ്മജ്ഞാനം ലഭിക്കാനുള്ള മാൎഗ്ഗങ്ങളെ ചൂണ്ടിക്കാണിക്കുന്നതും ആയ സൂക്തങ്ങൾ എല്ലാം ഒന്നായിക്കിടന്ന് 'അവിയലായി' കുഴഞ്ഞു മറിഞ്ഞിരുന്നതിനെ വിഭാഗം ചെയ്യാനാണു, വേദവ്യാസൻ ആദ്യമായി പുറപ്പെട്ടത്: ഇക്കാൎയ്യത്തിൽ നമ്മുടെ ഋഷിപ്രവരൻ ചെയ്തിട്ടുള്ള പ്രയത്നത്തിൻെറ ഫലം നാം ഇപ്പോൾ അനുഭവിക്കുന്നു. സ്കൂളുകളിൽ പഠിച്ചുവരാറുള്ള ചരിത്രങ്ങളെ ഓരോ ഖണ്ഡങ്ങളായി വിഭാഗിച്ചിട്ടില്ലെങ്കിൽ ചരിത്രപാഠം എത്രമാത്രം പ്രയാസമുള്ളതായിരിക്കും എന്ന് ഇദാനീന്തനവിദ്യാൎത്ഥികൾക്ക് അനുഭവമുള്ളതായിരിക്കും. ചരിത്രങ്ങളെ ഓരോ അദ്ധ്യായമായിട്ടും, ഓരോ രാജവംശങ്ങളുടെ ഭരണകാലങ്ങളെ പ്രത്യേകം പ്രത്യേകം വേർതിരിച്ചും എഴുതപ്പെട്ടിട്ടുള്ള ചരിത്രപുസ്തകങ്ങളെ വായിക്കുമ്പോൾ, വിദ്യാൎത്ഥികൾക്കുണ്ടാകുന്ന പഠനസൌകൎയ്യത്തെ ഓൎത്ത്, അവർ

ഗ്രന്ഥകാരകനെ മനസാ സ്തുതിച്ചുകൊണ്ടിരിക്കും. മനുഷ്യരുടെ ജീവിതായോധനങ്ങളിലുള്ള പലേ സംഭവങ്ങളേയും തുടൎച്ചയായി എഴുതിവെച്ചിട്ടുള്ള ഗ്രന്ഥകാരകനേയും, ആ ഗ്രന്ഥത്തേയും അഭിനന്ദിക്കുന്ന നാം, വേദവ്യാസരുടെ വേദവിഭാഗത്തെപ്പററി ആലോചിച്ചാൽ, ആ മഹാനെ എങ്ങിനെയാണു പ്രശംസിക്കാതിരിക്കുക? എങ്ങിനെയാണ് ആ പുണ്യപുരുഷനെ സ്മരിക്കാതിരിക്കുക? പ്രതിദിനം അദ്ദേഹത്തെ സ്മരിച്ചുംകൊണ്ടു ബദ്ധാഞ്ജലിയായി

"വ്യാസായ വിഷ്ണുരൂപായ വ്യാസരൂപായ വിഷ്ണവേ
നമോവൈ ബ്രഹ്മനിധയേ വാസിഷ്ഠായ നമോ നമഃ"

എന്നുച്ചരിച്ചു ദണ്ഡനമസ്കാരം ചെയ്യാതെയിരിക്കുകയില്ല. അനവധി പുരാണങ്ങളും നിഘണ്ഡുക്കളും ചരിത്രങ്ങളും ഇഷ്ടംപോലെ കിട്ടാവുന്ന ഇക്കാലത്ത്, ഏതെങ്കിലും ഒരു വിഷയത്തെ വിഭാഗംചെയ്യെഴുതുവാൻ ഒട്ടും പ്രയാസമില്ലെന്നു പറയാം. വേദവ്യാസരുടെ കാലത്തെ സ്ഥിതി നോക്കുന്നതായാൽ വേദവിഭാഗം ചെയ്യുത്, എത്രയും പ്രയാസമേറിയ പണിയാണെന്നു തീൎച്ചയാകും. അച്ചടിപുസ്തകങ്ങൾ കണികാണാൻ വേണമെങ്കിൽ കിട്ടുകയില്ല. എഴുത്തുകാർ നന്നേ ദുല്ലഭം. പക്ഷേ ഓരോരുത്തൻെറ മനസ്സും രേഖകൾ ഏററ ശിലാതലങ്ങൾപോലെ ജ്ഞേയ വിഷയങ്ങളെ കൊത്തിവെച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ആയിരുന്നു. ഒന്നായിക്കൂടിപ്പിണഞ്ഞ് 'അവിയലായി'ക്കിടന്നിരുന്ന വേദസൂക്തങ്ങളെ മുഴുവനും വ്യാസർ തൻെറ ഹൃദയത്തിൽ ഉല്ലേഖനം ചെയ്യുശേഷം ഓരോ വിഷയങ്ങളെ ഓരോ ഘട്ടത്തിൽ സംഘടിപ്പിച്ച്, എടുക്കേണ്ടതിനെ

എടുത്തു മറെറാരു സന്ദർഭത്തിൽ കൂട്ടിച്ചേർത്തു, നാലു ഭാഗങ്ങളായി പിരിച്ചു. ആ നാലു വിഭാഗങ്ങൾ ഇന്നും ഋക്, യജുസ്സ്, സാമം, അഥർവ്വം എന്നീ നാമധേയങ്ങളിൽ ചതുർവ്വേദങ്ങളായി വിളങ്ങിവരുന്നു. വേദവ്യാസർ ചതുർവ്വേദങ്ങളേയും മററുള്ള ഋഷികളെ പഠിപ്പിച്ചു. ഓരോ വേദത്തെ പ്രത്യേകമായി നാലു ശിഷ്യന്മാരേയും പഠിപ്പിച്ചു. സുമന്തു, ജൈമിനി, പൈലൻ, ശുകൻ എന്നിവരെയാണു നിഷ്കർഷയായി വേദവ്യാസർ വേദങ്ങൾ അഭ്യസിപ്പിച്ചത്. ഈ നാലു വ്യാസശിഷ്യന്മാരിൽനിന്നു പരമ്പരയായി ചതുർവ്വേദങ്ങൾ അഭ്യസിച്ചിട്ടുള്ളവർ വേദങ്ങളെ ഇന്നേവരെ നിലനിർത്തിപ്പോന്നിട്ടുണ്ട്. വേദവ്യാസപ്രഭൃതികൾ വേദങ്ങളെ ലേഖനംചെയ്തു വെച്ചിട്ടില്ല. ശിഷ്യന്മാരെക്കൊണ്ടു പാരായണംചെയ്യിച്ച് അവരുടെ ഹൃദിസ്ഥമാക്കി. അച്ഛൻ മകനേയും, മകൻ തൻെറ മകനേയും ആയി വേദങ്ങൾ അഭ്യസിപ്പിച്ചു ഗുരുശിഷ്യപരമ്പരയായി ആദികാലം മുതൽക്ക് ഇന്നേവരെ നിലനിന്നുപോന്നിട്ടുള്ള വേദവാക്യങ്ങളെ ആധുനികന്മാർ പുസ്തകത്തിൽ അടക്കിവെച്ചിട്ടുണ്ട്. പുസ്തകസ്ഥാപിതമായ വിദ്യ പരഹസ്തത്തിൽ ഇരിക്കുന്ന ധനംപോലെ ആവശ്യമാകുമ്പോൾ ഉപകാരത്തിനു ലഭിക്കുകയില്ലെന്നുള്ള കുറവല്ലാതെ അച്ചടിയന്ത്രങ്ങൾ കടലാസ്സിൽ പിടിച്ചടക്കീട്ടുള്ള വേദവാക്യങ്ങൾക്കു മറെറാരു ദൂഷ്യവും ഇല്ല. ആവശ്യം വരുമ്പോൾ പുസ്തകം നോക്കിയാൽ മതിയെല്ലോ എന്നു വിചാരിച്ച് ഇന്നുള്ളവരെല്ലാം സമാധാനപ്പെട്ടിരിക്കുകയാണ്. നോവലുകളേയും കെട്ടുകഥകളേയും കടലാസ്സിൽ പിടിച്ചടക്കപ്പെട്ടപോലെ, സംഗീതത്തേയും വേദശ

ബ്ദങ്ങളേയും പിടിച്ചടക്കുവാനുള്ള ശ്രമം ഇതുവരെ സഫലമായിട്ടില്ലെന്നേയുള്ളൂ. വേദശബ്ദങ്ങളേയും പ്രത്യേകമായ ഉച്ചാരണരീതിയേയും ലേഖനം ചെയ്യാൻ അസാദ്ധ്യമായതുകൊണ്ടായിരുന്നു വേദവ്യാസൻ തൻെറ ശിഷ്യന്മാരെ കൂടെയിരുത്തി വേദം അഭ്യസിപ്പിച്ചത്. വേദധ്വനികൾ മുഴുവനും പ്രകൃതിയുടെ ശബ്ദമായതുകൊണ്ട് എഴുതിപഠിപ്പിക്കാൻ തരമില്ലെന്നു ദ്വൈപായനൻ അറിഞ്ഞിരുന്നതുകൊണ്ടാണ് എഴുതിവെയ്ക്കാത്തത്. പ്രകൃതിയുടെ ശബ്ദമായ ചിരി, കരച്ചൽ മുതലായ ധ്വനികളെ പുസ്തകത്തിൽ ലേഖനം ചെയ്യാൻ സാധിക്കുമോ? അതുപോലെ തന്നെ വേദങ്ങളും ശബ്ദഗ്രഹണയന്ത്രം (phonograph) ഈ വിഷയത്തിൽ ഒരു പക്ഷേ, ഉപകാരമായിത്തീർന്നേക്കാം. നിർഗ്ഗുണവും, നിഷ്കളങ്കവും, അനിർവ്വാച്യവും ആയ ബ്രഹ്മത്തെ അറിവാൻ വേദവ്യാസർ ബ്രഹ്മസൂത്രം നിർമ്മിച്ചു. ഗുരുകുലവാസം ചെയ്തിട്ടാണ് വേദവ്യാസശിഷ്യന്മാരും വേദങ്ങൾ അഭ്യസിച്ചത്. പൂർവ്വകാലത്തിലെ ഗുരുകുലവാസം എന്നു വെച്ചാൽ ഇന്നത്തെ സ്കൂൾപഠിപ്പുപോലെ അല്ല. ഇന്നാകട്ടെ അനവധി സ്കൂളുകളും ഓരോ സ്കൂളുകളിൽ അനവധി അദ്ധ്യാപകന്മാരും കണക്കില്ലാത്ത വിദ്യാർത്ഥികളും ഉണ്ട്. വിദ്യാർത്ഥികൾ പണം കൊടുത്തു പഠിക്കും. അദ്ധ്യാപകന്മാർ അവരുടെ ശമ്പളത്തിന്നനുസരിച്ചു പഠിപ്പിക്കുകയും ചെയ്യും. സ്കൂളിൽനിന്നു പുറത്തിറങ്ങിയാൽ വിദ്യാർത്ഥികളെ അദ്ധ്യാപകന്മാർ അന്വേഷിക്കാറില്ല. പൂർവ്വകാലത്തിലെ ഗുരുകുലവാസം എന്നുവെച്ചാൽ ഗുരുവും ശിഷ്യനും ഒരേ പർണ്ണശാലയിൽ താമസിച്ച ഗുരുശുശ്രൂഷയെക്കൊണ്ടു ശിഷ്യൻ ഗുരുവിനെ സ

ന്തോഷിപ്പിക്കുകയും ശിഷ്യൻെറ സകല ഗുണത്തിന്നും ഗു രു ഉത്തരവാദിയായി നിന്നു അവനെ സന്മാർഗ്ഗങ്ങളിൽ ന ടത്തുകയും ആയിരുന്നു. ഗുരുകല്പനയെ ലംഘിക്കുന്നതി ൽ അധികം തീവ്രമായ പാപം മററൊന്നും ഉണ്ടായിരുന്നി ല്ല. ഗുരുവാകട്ടെ ശിഷ്യനെ അന്യനായി കരുതിയിരുന്നി ല്ല. ഗുരുശാപം ഏല്ക്കാൻ ഇടവരുത്തുന്നതിൽ പരം കഠി നമായ നിർഭാഗ്യം മററൊന്നും ഇല്ലെന്നാണ് ശിഷ്യന്മാർ ധരിച്ചിരുന്നത്. സർവ്വശാസ്ത്രപ്രവീണന്മാരായ ഗുരുവര്യ ന്മാരെ ശുശ്രൂഷിച്ചും, അവരുടെ നടവടികളെ അനുകരി ച്ചും, അവരുടെ സൌകര്യങ്ങളെ അനുസരിച്ചു വിദ്യ അഭ്യ സിച്ചും, ബ്രഹ്മചര്യം ദീക്ഷിച്ചിരുന്ന ശിഷ്യന്മാർ, വിശിഷ്ട ന്മാരായിത്തീൎന്നിട്ടുള്ളതിൽ അതിശയിക്കാനില്ല. ഗുരുകുല വാസത്തിൻെറ മഹത്വത്താൽ, വേദവ്യാസരുടെ വേദവി ഭാഗച്ചട്ടങ്ങുകൾ അക്കാലത്തു വേണ്ടുംവണ്ണം അനുഷ്ഠിക്ക പ്പെട്ടു. വേദവിഭാഗംചെയ്യാൻ വ്യാസർ കഷ്ടപ്പെട്ടിട്ടുള്ളതു നോക്കുമ്പോൾ അദ്ദേഹം എത്ര പരോപകാരിയായിരിക്ക ണം എന്ന് അനുമാനിക്കാവുന്നതാണ്. മഹാന്മാർ ചെ യ്തിട്ടുള്ള പ്രവൃത്തികൾ എല്ലാം പ്രതിഫലത്തെ കാംക്ഷിച്ചി ട്ടല്ല. ഒരു ദൃഷ്ടാന്തം പറയാം. തുഞ്ചത്തെഴുത്തച്ഛൻ കിളിപ്പാ ട്ടുരീതിയായും മററും എത്രയോ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആ ഗ്രന്ഥങ്ങളെ രചിക്കാൻ അദ്ദേഹത്തിന്നു വളരെ അ ദ്ധ്വാനവും ഉണ്ടായിട്ടുണ്ട്. ഗ്രന്ഥങ്ങൾക്കു വില വാങ്ങേ ണം എന്നുള്ള വിചാരം അദ്ദേഹത്തിന്നുണ്ടായിട്ടുണ്ടോ? ഇന്ന് എത്ര അച്ചുകൂട്ടക്കാരാണു തുഞ്ചത്തെഴുത്തച്ഛൻെറ ഗ്രന്ഥങ്ങൾ അച്ചടിച്ചു വില്ക്കുന്നത്! എത്ര അസംഖ്യം ജനങ്ങളാണു രാമായണാദിഗ്രന്ഥങ്ങളെ പാരായണം ചെ

യ്യ് ആനന്ദം അനുഭവിക്കുന്നത്? തുഞ്ചത്തെഴുത്തച്ഛൻ തൻെറ കൃതികളെ ആക്കെങ്കിലും പകപ്പവകാശം കൊടുത്തിരുന്നുവെങ്കിൽ, അദ്ദേഹത്തിന്ന് അനവധി പണം സമ്പാദിക്കാമായിരുന്നില്ലേ? പരോപകാരത്തിന്നായി അദ്ദേഹം പ്രവൎത്തിച്ചിട്ടുള്ളതല്ലാതെ പ്രതിഫലേഛയോടുകൂടി ഗ്രന്ഥരചന ചെയ്യിട്ടുള്ളതല്ല. വേദവ്യാസരുടെ വേദവിഭാഗം ഒന്നുതന്നെ അനന്തമായ പരോപകാരം ആയിത്തീൎന്നിട്ടുണ്ട്. ഇനി വ്യാസനിൎമ്മിതമായ പുരാണേതിഹാസങ്ങളിലേയ്ക്കു പ്രവേശിക്കാം.

പുരാണേതിഹാസങ്ങൾ.

വേദവിഭാഗം കഴിഞ്ഞശേഷം പരാശരാത്മജൻ പുരാണങ്ങളെ നിൎമ്മിച്ചു. വേദാൎത്ഥങ്ങളെ വെളിപ്പെടുത്താൻ വേണ്ടിയാണു പുരാണങ്ങൾ നിൎമ്മിക്കപ്പെട്ടത്. ഒന്നുമല്ല, രണ്ടുമല്ല, പത്തുമല്ല, പതിനെട്ടു പുരാണങ്ങളെയാണു വേദവ്യാസർ നിൎമ്മിച്ചിട്ടുള്ളത്. ഉപപുരാണങ്ങളും ഇതിഹാസങ്ങളും വേറെ കിടക്കുന്നു. മാൎക്കണ്ഡേയം, മാത്സ്യം, ഭവിഷ്യം, ഭാഗവതം, ബ്രഹ്മം, ബ്രഹ്മാണ്ഡം, ബ്രഹ്മവൈവൎത്തം, വാമനം, വായവ്യം, വൈഷ്ണവം, വാരാഹം, ആഗ്നേയം, നാരദം, പാത്മം, ലിംഗം, കൂൎമ്മം, ഗാരുഡം, സ്കാന്ദം എന്നിങ്ങിനെയുള്ള അഷ്ടാദശപുരാണങ്ങളെ നിൎമ്മിച്ച മഹാത്മാവു സാക്ഷാൽ ഈശ്വരാവതാരമെന്നല്ലാതെ മററെന്താണു പറയുക! പുരാണങ്ങളുടെ വലിപ്പത്തെയോക്കുമ്പോൾ തല തിരിഞ്ഞു പോകും. ബ്രഹ്മപുരാണവും, വാമനപുരാണവും, വലിപ്പംകൊണ്ടു മററ പുരാണങ്ങളെ കടത്തി വെയ്ക്കുന്നു. ബ്രഹ്മപുരാണത്തിൽ അയുതവും, വാമനപുരാണത്തിൽ അയുതവും ശ്ലോകങ്ങ

ളും ഉണ്ട്. മററുള്ള പതിനാറു പുരാണങ്ങളിൽ എല്ലാംകൂ
ടി 3,82,200 ശ്ലോകങ്ങളും ഉണ്ട്. ഈ പുസ്തകത്തിന്റെ
ആകൃതിയിൽ ഭാഗം 1_ക്കു 25 വരി വീതം എഴുതുന്നതാ
യാൽ, പതിനാറു പുരാണങ്ങളും കൂടി ഏറക്കുറെ നാല്പതി
നായിരം ഭാഗമുള്ള ഒരു പുസ്തകമായിത്തീരും. വ്യാസഭഗ
വാൻ പുരാണശ്ലോകങ്ങളെ മനസാ വിചാരിക്കുംമുമ്പെ
ലേഖനം ചെയ്യാൻ ഗണപതി ഭഗവാൻ ഗുമസ്തസ്ഥാനം
സ്വീകരിച്ചിരുന്നില്ലെങ്കിൽ, അപാരമായ പുരാണഗ്രന്ഥ
ങ്ങളെ എങ്ങിനെ എഴുതിത്തീക്കും? ലോകോല്പത്തി മുതൽ
പുരാണനിമ്മാണകാലംവരെ സംഭവിച്ചിട്ടുള്ള സകല സം
ഗതികളേയും വേദവ്യാസർ എഴുതി വെച്ചിട്ടുണ്ട്. അത്ര
മാത്രമോ? മേലാൽ സംഭവിക്കാവുന്ന സംഗതികളെ ഭവി
ഷ്യപുരാണത്തിൽ വിസ്തരിക്കുകയും ചെയ്തിട്ടുണ്ട്. പുരാണ
ങ്ങളുടെ ഉദ്ദേശം വേദാത്ഥങ്ങളെ വെളിപ്പെടുത്തുകയാ
ണെന്നു പറഞ്ഞുവല്ലൊ. വേദങ്ങൾ ബ്രഹ്മജ്ഞാനസിദ്ധി
ക്കുള്ള മാഗ്ഗങ്ങളും ആണ്. പുരാണരൂപമായി വേദാത്ഥ
ത്തെ വ്യാസഭഗവാൻ വെളിപ്പെടുത്തീട്ടുള്ളതു, വേദപാരാ
യണത്തിന്ന് അഹ്ഹതയില്ലാത്തവക്കുവേണ്ടിയാകുന്നു. പൂ
രാണംമൂലം വേദാത്ഥങ്ങളെ വെളിപ്പെടുന്നതിൽ വ്യാസഭ
ഗവാൻ അഞ്ചു ലക്ഷണങ്ങളെ മുൻനിത്തിക്കൊണ്ടു പുരാ
ണങ്ങൾ രചിച്ചു. സഗ്ഗം, പ്രതിസഗ്ഗം, വംശം, മന്വന്തരം
വംശാനുചരിതം എന്നിങ്ങിനെയുള്ള പഞ്ചലക്ഷണങ്ങളോ
ടുകൂടിയുള്ളതാകുന്നു പുരാണം. നിത്യയും അനിവ്വാച്യയുംആ
യ തുരീയശക്തി, സത്വരജസ്തമോഗുണങ്ങളായി വ്യാപിച്ചു
വിളങ്ങുന്നതിന്നു സഗ്ഗം എന്നു പേർ. അതായതു, സൃഷ്ടി
സ്ഥിതിസംഹാരമൂത്തികളായി ത്രിമൂത്തികൾ പ്രവത്തിക്കു

ന്ന സ്വഭാവം എന്നൎത്ഥം. ബ്രഹ്മവിഷ്ണുരുദ്രാദികൾ ധൎമ്മ
സംസ്ഥാപനാൎത്ഥം അവതാരമൂൎത്തികളായി ജനിക്കുന്നതി
ന്നു പ്രതിസൎഗ്ഗം എന്നു പേർ. ദേവാസുരന്മാരുടെ വംശ
പാരമ്പൎയ്യകഥനത്തിന്നു വംശമെന്നുള്ള സംജ്ഞ കൊടുക്ക
പ്പെട്ടിരിക്കുന്നു. സ്വായംഭുവാദി മനുക്കളുടെ വൎണ്ണനയും
അവരുടെ കാലനിൎണ്ണയവും തന്നെയാകുന്നു മന്വന്തരം.
മനുക്കളുടെ വംശവൎണ്ണനയ്ക്കു വംശാനുചരിതം എന്നു പേർ.
ഇപ്രകാരം പഞ്ചലക്ഷണങ്ങളോടുകൂടിയ അഷ്ടാദശപുരാ
ണങ്ങളിലെ കഥാപാത്രങ്ങളെക്കൊണ്ടു ഗുരുവൎയ്യന്മാരോടു
പ്രശ്നങ്ങൾ ചെയ്യിച്ചും, ഗുരുവൎയ്യന്മാരെക്കൊണ്ടു പ്രശ്നോത്ത
രം ചെയ്യിച്ചും ബ്രഹ്മസ്വരൂപത്തെ വേദവ്യാസർ പലവി
ധത്തിലും വിസ്തരിച്ചു പറഞ്ഞു വേദാൎത്ഥങ്ങളെ വെളിപ്പെ
ടുത്തി. 'ബ്രഹ്മം ഒന്നേയുള്ളു. സൎവ്വം ബ്രഹ്മമയം' എന്നു
ള്ള വേദാന്ത വാക്യത്തെ പുരാണങ്ങൾ എങ്ങിനെയാണ്
വെളിപ്പെടുത്തുന്നത് എന്നാലോചിച്ചു നോക്കാം. വിഷ്ണു
പുരാണം നോക്കിയാൽ എല്ലാററിലും പ്രധാനമായ വസ്തു
വിഷ്ണുതന്നെയാണെന്നും, പാലാഴിയിൽ പള്ളികൊള്ളുന്ന
പരമപുരുഷൻ സകല ചരാചരങ്ങളേയും ഭരിക്കുന്നുവെ
ന്നും, സൎവ്വദേവന്മാരും വിഷ്ണുവേ ഭജിക്കുന്നുവെന്നും കാണാം.
ബ്രഹ്മാവും,ശിവനും, വിഷ്ണുഭഗവാനെ പലപ്രകാരത്തിലും
സ്തുതിച്ചതായി കാണാം.: ലിംഗപുരാണം നോക്കിയാൽ
പരമശിവനല്ലാതെ മററൊന്നും കാണുകയില്ല. വിഷ്ണുവും
ബ്രഹ്മാവുംകൂടി ശിവനെ സ്തുതിക്കുന്നതു കാണാം. ബ്രഹ്മ
പുരാണം എടുത്തു നോക്കിയാൽ സൎവ്വപ്രാധാന്യവും ബ്ര
ഹ്മാവിന്നായി. ത്രിമൂൎത്തികൾ അന്യോന്യം സ്തുതിപാഠക
ന്മാരായും, പരസ്പരവിരോധമില്ലാതെ ഏകരൂപേണ പെരു

മാറികൊണ്ടിരിക്കുന്നുണ്ടെന്നും പുരാണങ്ങളിൽ ഏതുഭാഗവും തെളിയിക്കും. ത്രിമൂർത്തികളിൽ ഒരു മൂർത്തിയുടെ പ്രവൃത്തിയെ സഫലീകരിക്കുവാൻ മററവരണ്ടു മൂർത്തികളും സന്നദ്ധന്മാരായിരിക്കുന്നുണ്ടെന്നല്ലാതെ, പുരാണങ്ങൾ വേറെവിധത്തിൽ ഘോഷിക്കുന്നില്ല. രാവണാദി രാക്ഷസന്മാരെ പരമശക്തന്മാരാക്കിത്തീർത്തിട്ടുള്ളതു വിധാതാവിൻെറ വരബലം ആകുന്നുവെന്ന് ഒരു ഘട്ടത്തിൽ കാണാം. വിധാതാവിൻെറ വരത്തെ അന്യഥാകരിക്കാതെ തന്നെ രാവണാദിരാക്ഷസന്മാരെ വിഷ്ണു സംഹരിച്ചു ശിഷ്ടപരിപാലനം ചെയ്യുതായും കാണാം. ശിവവരപ്രസാദം ഹേതുവാൽ ലോകോപദ്രവം ചെയ്യുവരുന്ന മൂർഖന്മാരെ മഹാവിഷ്ണു വധിക്കുന്നതായും, ശിവദത്തമായ വരത്തെ അക്ഷരംപ്രതി പരിപാലിക്കുന്നതായും കാണാം. പുരാണങ്ങളിൽ എവിടെ നോക്കിയാലും ത്രിമൂർത്തികൾ അവരവരുടെ പ്രവൃത്തിമൂലം ഏകസ്വരൂപമായി വർത്തിക്കുന്നതും, യാതൊരു കർമ്മത്തിലും അവർ ഉൾപ്പെടാതെ നിർഗ്ഗുണബ്രഹ്മമായി വിളങ്ങുന്നതും, വെളിപ്പെടാതെ ഇരിക്കുകയില്ല. പുരാണനിർമ്മാണത്തിൽ വേദവ്യാസർ പ്രയോഗിച്ചിട്ടുള്ള ബുദ്ധിവൈഭവത്തിൻെറ ശതാംശത്തെയെങ്കിലും ആസ്വദിക്കാൻ, നമുക്കു വൈഭവം പോരാതെയാണ് ഇരിക്കുന്നത്. കഥാസ്വരൂപമായി വർണ്ണിക്കപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിലും, യുദ്ധവർണ്ണനകളിലും, ശൃംഗാരലീലകളിലും, വനവർണ്ണനകളിലും, എന്നുവേണ്ട എവിടെ നോക്കിയാലും വ്യാസമുനിയുടെ വേദാന്തദീപം പ്രകാശിച്ചുകൊണ്ടേയിരിക്കും. തൂണിൽനിന്നു നരസിംഹമൂർത്തി പുറപ്പെട്ടന്ന ഘട്ടം പരബ്രഹ്മത്തിൻെറ സർവ്വവ്യാപകതയെ തെളി

യിക്കുന്നു. പ്രഹ്ലാദനെ നരസിംഹമൂർത്തി ആശ്ലേഷം ചെയ്യുമ്പോൾ ജഗദീശ്വരൻെറ ഭക്തവാത്സല്യം പ്രത്യക്ഷമാകുന്നു. മാർക്കണ്ഡേയപുരാണത്തിൽ സ്പഷ്ടമാകാത്ത സംഗതികൾ മാത്സ്യപുരാണത്താൽ സ്പഷ്ടമാകുന്നു. മാത്സ്യപുരാണത്താൽ സ്പഷ്ടമാകാത്തവ മററു പുരാണങ്ങളാൽ സ്പഷ്ടമാകുന്നു. പുരാണകർത്താവിൻെറ പ്രതിഫലേച്ഛകൂടാതെയുള്ള അദ്ധ്വാനം ആചന്ദ്രതാരം നഷ്ടമാവുകയില്ല; നിശ്ചയം തന്നേ. പുരാണങ്ങളെ മുഴുവനും വേദവ്യാസർ സൂതമുനിയെ അഭ്യസിപ്പിച്ചു. സൂതമുനിയുടെ മുഖാരവിന്ദത്തിൽ ശൌനകാദി ഋഷികൾ പുരാണങ്ങളെ മുഴുവനും മനസ്സിലാക്കി.

മഹാഭാരതം

പുരാണനിർമ്മാണാനന്തരം വേദവ്യാസഭഗവാൻ കൈവെച്ചതു മഹാഭാരതത്തിലായിരുന്നു. വേദാർത്ഥങ്ങളെ വിശേഷമായി പ്രതിപാദിക്കുന്നതുകൊണ്ടും ഉപനിഷദ് വാക്യങ്ങളെ ഭഗവദ്ഗീതാരൂപമായി ശ്രീകൃഷ്ണഭഗവാൻ ഉപദേശിക്കുന്നതുകൊണ്ടും, മഹാഭാരതത്തിന്ന് "അഞ്ചാം വേദം" എന്നു പേരുണ്ടായി. ഭാരതത്തെ വേദവ്യാസർ സാരജ്ഞനായ വൈശമ്പായനമുനിയെ ഉപദേശിച്ചു. ഇതിഹാസത്തിൽപെട്ടതാണെങ്കിലും പുരാണലക്ഷണങ്ങൾ അഞ്ചും തികഞ്ഞിട്ടുള്ളതുകൊണ്ടു ഭാരതത്തെ പത്തൊമ്പതാം പുരാണമായി വിചാരിക്കാം. പാണ്ഡവകൌരവന്മാരുടെ ആയോധനത്തെ അടിസ്ഥാനമാക്കി, ഭാരതത്തിൽ വേദവ്യാസർ ഭഗവദ്ഗീതയെ ഘടിപ്പിച്ചു വേദങ്ങളെക്കാളും ഉപരിയായ സ്ഥാനം ആ ഇതിഹാസത്തിന്നുണ്ടാക്കിത്തീർത്തു. കവിതാഭംഗികൊണ്ടും, ആശയവിശേഷം

കൊണ്ടും, മഹത്തായ വിഷ്ണുസഹസ്രനാമാദിസ്തോത്രങ്ങൾ കൊണ്ടും, വിദുരവാക്യം, ഗീത മുതലായ തത്വശാസ്ത്രങ്ങൾ കൊണ്ടും, പരിപൂർണ്ണമായ മഹാഭാരതം, വേദവ്യാസരുടെ ഇതരകൃതികളേക്കാൾ ആസ്വാദ്യവും ആനന്ദപ്രദവുമായി ശോഭിക്കുന്നുണ്ടു്.

'പുരുഷനാകുന്നതും പ്രകൃതിയാകുന്നതും
പുരുഷോത്തമപോററി നിന്തിരുവടിയല്ലോ
ശിവനായിടുന്നതും ശക്തിയായിടുന്നതും
ഭുവനേശ്വരപോററി നിന്തിരുവടിയല്ലോ
ജീവനായിടുന്നതും പരനായിടുന്നതും
കേവലസ്വരൂപനാം നിന്തിരുവടിയല്ലോ
ക്ഷേത്രമായിടുന്നതും ക്ഷേത്രജ്ഞനാകുന്നതും
ധാത്രിയിൽ പിറന്നോരു കൃഷ്ണനാം ഭവാനല്ലോ.

ഇത്യാദി സ്തോത്രരൂപേണ അദ്വൈതസിദ്ധാന്തത്തെ മഹാഭാരതത്തിൽ, ഒന്നുരണ്ടിടത്തിലല്ല, പലേ ഇടങ്ങളിലുമായി സ്ഥാപിച്ചിരിക്കുന്നു. മലയാളികളായ നമുക്കു വേദവ്യാസരെക്കാൾ തുഞ്ചത്തെഴുത്തച്ഛനെയാണു പരിചയം. വ്യാസഭഗവാൻെറ കൃതികളെ കിളിപ്പാട്ടു രൂപമായി ഗാനംചെയ്തു ശ്രോതാക്കളെ ഭക്തിപരവശന്മാരാക്കിത്തീർത്തിട്ടുള്ളതു സുകൃതിയായ തുഞ്ചത്തെഴുത്തച്ഛനാകുന്നു. വേദവ്യാസവൈഭവത്തെ മുഴുവനും വെളിപ്പെടുത്തിയതു് പൌരാണികന്മാരായ സൂതമുനിയും ശുകബ്രഹ്മമഹർഷിയും ആണെങ്കിലും, മലയാളികളെ സംബന്ധിച്ചിടത്തോളം തുഞ്ചത്തെഴുത്തച്ഛനാകുന്നു വ്യാസകൃതികളുടെ വ്യാഖ്യാതാവായി വിജയിക്കുന്നതു്. ഭാരതത്തിലെ പതിനെട്ടു പർവ്വങ്ങളെ പതിനെട്ടു പുരാണങ്ങളുടെ പ്രതിനിധികളായി കല്പി

ച്ചുനോക്കുന്നതായാൽ ഭാരതം അഷ്ടാദശപുരാണങ്ങളുടെ സംക്ഷേപമായി കലാശിക്കും. വേദവ്യാസരുടെ ചരിത്രകഥനം ചെയ്യുമ്പോൾ അഷ്ടാദശപുരാണങ്ങളേയും ഇതിഹസങ്ങളേയും ഉപപുരാണങ്ങളേയും വേദങ്ങളേയും എടുത്തു പറയുവാൻ ന്യായമുണ്ട്. ഗ്രന്ഥവിസ്താരഭയത്താൽ മൂലഗ്രന്ഥങ്ങളെ ആശ്രയിച്ചുകൊള്ളേണമെന്നുപദേശിക്കാനേവഴിയുള്ളൂ. എങ്കിലും വിദുരവാക്യത്തിലെ ഏതാനും ചില ഘട്ടങ്ങളെ ഇവിടെ ഉദ്ധരിക്കാതിരിക്കാൻ തരമില്ല.

'അന്യമന്ദിരത്തിങ്കൽ ചൊല്ലാതെ ചെല്ലുകയും
തന്നോടു ചോദിയാതെ താനേറെപ്പറകയും
ഉദ്ധതൻതാനുള്ളവൻതന്നെ വിശ്വസിക്കയും
ബദ്ധമോദേന ചെയ്തീടുന്നവൻ മഹാമൂഢൻ.

*　　*　　*　　*　　*

ശിഷ്യനല്ലാതവനെ വെറുതെ ശാസിക്കയും
നിസ്സ്വനായുള്ളവനെ നിയതം സേവിക്കയും
ദുഷ്ടനെ ഭജിക്കയും ശിഷ്ടനെ നിന്ദിക്കയും
കഷ്ടമോർത്താളമവനെത്രയും മഹാമൂഢൻ.'

ഇത്യാദിയായ നീതിവചനങ്ങളെ വിദുരവാക്യങ്ങളായി ഉദ്യോഗപർവ്വത്തിൽ തൊഴിച്ചിട്ടുള്ള വ്യാസരെ സന്മാർഗ്ഗസ്ഥാപകൻ എന്നോ

'ഒന്നുകൊണ്ടറിയേണം രണ്ടിന്റെ ബലാബലം
പിന്നെ മൂന്നിനെ നാലാൽ വശത്തുവരുത്തേണം
അഞ്ചിനെജ്ജയിച്ചുള്ളിലാറിനെയറിഞ്ഞിട്ടു
വഞ്ചനാദികളെല്ലാം വെടിഞ്ഞു വഴിപോലെ
ഏഴിനേയുപേക്ഷിച്ചു സൌഖ്യത്തെ ലഭിക്കേണം
കേളിയേറും നൃപന്മാരായാലവനിയിൽ'

എന്നു തുടങ്ങിയുള്ള തത്വോപദേശം ചെയ്തിട്ടുള്ള പാരാശര്യ്യരെ വിശിഷ്ടവേദാന്തിയെന്നൊ പറയുന്നതിന്നു വിരോധമില്ല. ഭാരതത്തിന്നു അഞ്ചാംവേദം എന്നുള്ള സ്ഥാനമാണ് കല്പിച്ചുകൊടുക്കപ്പെട്ടിട്ടുള്ളതെങ്കിലും ജനങ്ങളുടെ ഇടയിൽ ശ്രീമഹാഭാരതം വിളയിക്കുന്ന ജ്ഞാനപരമ്പരകളെ ഗണിക്കുന്നതായാൽ ഭാരതം ഒന്നാംവേദമായിരിക്കാനെ തരമുള്ളു.

ഉപപുരാണങ്ങൾ.

വേദവിഭാഗംകൊണ്ടും പുരാണേതിഹാസരചനകൾകൊണ്ടും വിജ്ഞാനവിതരണം പരിപൂർത്തിയായില്ലെങ്കിലൊ എന്നു സംശയിച്ചിട്ടാണ വേദവ്യാസൻ ഉപപുരാണങ്ങളെ രചിച്ചത്. സനൽക്കുമാരം, ശൈവം, നരസിംഹം, നാരദീയം, കാപിലം, ദൌർവ്വാസസം, വാരുണം, കാളികം, സാംബം, നന്ദികേശ്വരം, സൌരം, പരാശരം എന്നിങ്ങിനെയുള്ള ഉപപുരാണങ്ങളെ നിർമ്മിച്ച വേദവ്യാസർ പുരാണേതിഹാസങ്ങളാൽ വിശദമാകാത്ത അനേകം സംഗതികളെവെളിപ്പെടുത്തി. ഇത്ര അധികം ഗ്രന്ഥങ്ങളെ നിർമ്മിച്ചതുകൊണ്ടു വ്യാസഭഗവാൻ ജ്ഞേയവിഷയങ്ങളെ ആരാഞ്ഞറിവാൻ പാടില്ലാത്ത വിധത്തിൽ കുഴപ്പത്തിലാക്കിത്തീൎക്കുകയല്ലെ ചെയ്തത് എന്നു ചോദിക്കുന്നവർ ധാരാളം ഉണ്ട്. ഇത്ര അധികം ഗ്രന്ഥങ്ങളെ ഒരുവൻെറ ജീവദശയിൽ ഒരാവൎത്തി വായിച്ചു തീൎക്കാൻ സാധിക്കുമോ? ഏതു ഗ്രന്ഥത്തെയാണ് ആദ്യം വായിക്കേണ്ടത്? ഏതു ഗ്രന്ഥത്തെ വായിച്ചാലും വിരോധമില്ല. എല്ലാററിലും സ്ഥായിയായ

ത്വം ബ്രഹ്മജ്ഞാനം മാത്രമാകുന്നു. ഒരു സദ്യയിൽ ഭക്ഷണം കഴിക്കാൻ വരുന്നവരുടെ ഇലയിൽ ആതിഥേയൻ താൻ ഒരുക്കിവെച്ചിട്ടുള്ള പദാർത്ഥങ്ങളെ മുഴുവനും വിളമ്പിക്കൊടുക്കും. അതിഥിക്കു രുചിക്കുന്നതിനെമാത്രം വിളമ്പിക്കൊടുക്കുകയും മററുള്ള പദാർത്ഥങ്ങളെ വിളമ്പാതിരിക്കുകയും അല്ല ആതിഥേയൻ ചെയ്യുന്നത്. പദാർത്ഥങ്ങളെ മുഴുവനും വിളമ്പിക്കൊടുത്താൽ അതിഥി തനിക്കിഷ്ടമുള്ളതിനെ ഭക്ഷിച്ചുകൊള്ളും. ഒരു കറിയും ചോറും മാത്രം തയ്യാറാക്കി അനേകം ആളുകളെ ഭക്ഷണത്തിന്നു ക്ഷണിക്കുന്നത് ഒരിക്കലും ശരിയല്ല. ജനങ്ങൾ ഭിന്നരുചിക്കാരാണ്. അനേകം വിഭവങ്ങളെ തയ്യാറാക്കി സദ്യ കഴിക്കുന്നതായാൽ അതിഥികളിൽ ഓരോരുത്തനും രുചിക്കുന്ന പദാർത്ഥം ഒന്നെങ്കിലും ഉണ്ടാകാതെയിരിക്കയില്ല. വേദവ്യാസരുടെ അനന്തമായ കൃതികളുടെ ഉദ്ദേശം അതു തന്നെയാണ്. പുരാണങ്ങൾ രുചിക്കാത്തവന്ന് ഉപപുരാണങ്ങൾ രുചിക്കുന്നതായിരിക്കും. പുരാണങ്ങളും ഉപപുരാണങ്ങളും രുചിക്കാത്തവന്ന് ഇതിഹാസങ്ങൾ രുചിക്കാതിരിക്കയില്ല. വേദവ്യാസരുടെ ഇത്ര അധികം ഗ്രന്ഥങ്ങളിൽ ഒന്നെങ്കിലും രുചിക്കാത്തവർ ആരും ഉണ്ടാകയില്ല. ഒന്നിലല്ലെങ്കിൽ മറെറാന്നിങ്കൽ അഭിരുചിയുണ്ടായി ജനങ്ങൾ സച്ചിദാനന്ദസ്വരൂപിയായ ബ്രഹ്മത്തെ അറിയുമാറാകട്ടെ എന്നുള്ള ഏകഉദ്ദേശത്തോടുകൂടിയാണ് വേദവ്യാസർ ഇത്ര അധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളത്. സദ്യയിൽ പ്രധാനമായ ഭാഗം ചോറും, അന്നത്തെ ഭക്ഷിക്കാൻ സ്വാദുകരമാക്കിത്തീർക്കുന്ന വിഭവങ്ങൾ കറികളും ആണല്ലോ. അതുപോലെതന്നെ ബ്രഹ്മജ്ഞാനവിഷയം

അന്നവും പുരാണാദികഠം കറികളും ആകുന്നു. ബ്രഹ്മ ജ്ഞാനമാകുന്ന അന്നത്തെ രുചികരമാക്കിത്തിക്കാൻ വ്യാസഭഗവാൻ നളപാകത്തിൽ ചമച്ചിട്ടുള്ള കറികഠം പുരാണാദികഠം ആകുന്നു. അവനവന്ന് ഇഷ്ടമുള്ള പദാൎത്ഥത്തെ അവനവൻ ഭക്ഷിച്ചുകൊള്ളട്ടെ. ഏതു ഭക്ഷിച്ചാലും വയറ നിറയുകയേ ഉള്ളൂ. ജിണ്ണശക്തിയുടെ താരതമ്യം അനുസരിച്ച് അതിഥികഠം പദാൎത്ഥങ്ങളെ ഉപയോഗിച്ചുകൊള്ളും. വ്യാസമഹൎഷി ഗ്രന്ഥനിൎമ്മാണത്തിൽ പ്രയോഗിച്ചിട്ടുള്ള ഉചിതജ്ഞതയെ പ്രാരബ്ധങ്ങളിൽ പെട്ടു വലയുന്ന മനുഷ്യർ എങ്ങിനെ അറിയും? അജിണ്ണം പിടിച്ചു രുചിയില്ലാതെ കഷ്ടപ്പെടുന്നവൎക്കു ലഘുഭക്ഷണമായ കഞ്ഞിയും കണ്ണിമാങ്ങയുംപോലെ ബ്രഹ്മജ്ഞാനേഛുക്കളായ മനുഷ്യൎക്ക് ഉപപുരാണങ്ങഠം ഉപകരിക്കുന്നു. ജിണ്ണശക്തി വെച്ചു തുടങ്ങിയാൽ ഗുരുത്വമുള്ള പദാൎത്ഥങ്ങളെ ഭക്ഷിച്ചു തുടങ്ങാം. ഉപപുരാണങ്ങളെ ആസ്വദിച്ചു കഴിഞ്ഞാൽ പുരാണങ്ങളിൽ പ്രവേശിക്കാം. ലഘുഭക്ഷണത്തിൻെറയും ഗുരുഭക്ഷണത്തിൻേറയും ഉദ്ദേശം ദേഹസൌഖ്യം ആണല്ലൊ. ഉപപുരാണപഠനത്തിൻേറയും പുരാണപഠനത്തിൻേറയും ഉദ്ദേശം ജ്ഞാനസമ്പാദനമാകുന്നു. ഭക്ഷണം ശരിയായിക്കഴിഞ്ഞാൽ ദേഹസൌഖ്യം തന്നിയെ ഉണ്ടായിക്കൊള്ളും. ഉപപുരാണങ്ങളേയും പുരാണങ്ങളേയും പഠിച്ചു കഴിഞ്ഞാൽ വേദജ്ഞാനം തന്നിയെ വന്നുകൊള്ളും. അതുകൊണ്ടു ഉപപുരാണങ്ങളെ ജ്ഞാനസൌധത്തിലേക്കു കയറിച്ചെല്ലാനുള്ള ഒന്നാമത്തെ കോണിയായി വിചാരിക്കാം.

ഭാഗവതങ്ങൾ.

അനാദിയായി ലോകത്തിലെങ്ങും വ്യാപിച്ചു കിടക്കുന്ന തത്വമെന്തെന്നാലോചന ചെയ്യുന്നതിൽ ആയിരുന്നു പൂൎവ്വാചാൎയ്യന്മാരുടെ ശ്രദ്ധ മുഴുവനും പതിഞ്ഞിരുന്നത്. അവാങ്മാനസഗോചരമായ ആ തത്വം പരബ്രഹ്മമെന്നൊ, പരാശക്തിയെന്നൊ, മഹാവിഷ്ണുവെന്നൊ, പരമേശ്വരനെന്നോ, ക്രിസ്തുവെന്നൊ, അള്ളാവെന്നൊ, ബുദ്ധനെന്നൊ എന്തു നാമധേയംകൊണ്ടു വ്യവഹരിക്കപ്പെട്ടാലും ഏതുപാസനാമാൎഗ്ഗംകൊണ്ടുപാസിക്കപ്പെട്ടാലും ഭക്തിശ്രദ്ധയോടുകൂടി ഏതു വഴിക്കു ചെന്നാലും അവസാനത്തിൽ എത്തിച്ചേരേണ്ട പദം ഒന്നുതന്നെയാണെന്നുകാണിക്കാൻ വേദവ്യാസർ പ്രയത്നിച്ചിട്ടുള്ളതു മുഖ്യമായി രണ്ടു ഗ്രന്ഥങ്ങളിലാകുന്നു. അതിൽ ഒന്നുദേവീഭാഗവതവും, മറേറതു വൈഷ്ണവഭാഗവതവും ആണ്. ഈ രണ്ടു ഗ്രന്ഥങ്ങളും മഹാപുരാണങ്ങളൊ, അല്ല ഉപപുരാണങ്ങളൊ അല്ല. ഒന്നു മഹാപുരാണവും മറേറത് ഉപപുരാണവും ആണൊ എന്നു നിൎണ്ണയിക്കാൻ തരമില്ലാത്ത വിധത്തിലാകുന്നു വ്യാസഭഗവാൻ ഭാഗവതപുരാണങ്ങളെ രചിച്ചിട്ടുള്ളത്. ഒരേ നാമധേയത്തിലുള്ള മററു രണ്ടു പുരാണങ്ങൾ ഇല്ലാത്തതുകൊണ്ടു ഭാഗവതം എന്നു പറയുന്ന പുരാണം ദേവീഭാഗവതമൊ വിഷ്ണുഭാഗവതമൊ എന്നു ചിന്തിക്കേണ്ടതു വേദവ്യാസരുടെ ചരിത്രകഥനത്തിൽ പ്രധാനമായ ഒരു ഭാഗമാണ്. ഭാഗവതം എന്നു പറയുമ്പോൾ അധികം ആളുകൾ വിഷ്ണുഭാഗവതത്തെ മാത്രമേ ഓൎക്കുകയുള്ളു. ദേവീഭാഗവതം എന്നു കേട്ടിട്ടില്ലാത്തവർ കൂടി ഉണ്ടാകും.

ഭഗവത്യാശ്ചദുൎഗ്ഗായാഃ ചരിതം യത്ര വിദ്യതേ
തത്തുഭാഗവതം പ്രോക്തം നതുദേവീപുരാണകം

എന്നുള്ള ശ്ലോകത്തിൽനിന്നു ദുൎഗ്ഗാഭഗവതിയുടെ ചരിത്രവൎണ്ണനയുള്ളതാകുന്നു ഭാഗവതം എന്നു സിദ്ധിക്കുന്നു. ഭഗവതീചരിതത്തെപ്പററി പ്രതിപാദിക്കുന്ന വേറെ പുരാണമില്ലായ്കയാൽ ദേവീഭാഗവതത്തെ മഹാപുരാണമായി വിചാരിക്കാം. 'ഭാഗവതമിദം' എന്നൎത്ഥം കല്പിക്കാൻ വിരോധമില്ലാതിരിക്കെ 'ഭഗവത്യാഃ ചരിതം ഭാഗവതം' എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു ദേവീഭാഗവതത്തെത്തന്നെയാണ് അഷ്ടാദശമഹാപുരാണങ്ങളിൽ ഉൾപ്പെടുത്തേണ്ടത് എന്നു വരുന്നു. വിഷ്ണുഭാഗവതത്തിൽ ദുൎഗ്ഗാചരിതം അല്പമായി വൎണ്ണിക്കപ്പെട്ടിട്ടുള്ളതുകൊണ്ടു വിഷ്ണുഭാഗവതം തന്നെയാകുന്നു മഹാപുരാണം എന്നുള്ള പക്ഷക്കാരുണ്ട്. വിഷ്ണുഭാഗവതം ദശമസ്കന്ധത്തിൽ വിന്ധ്യാവാസിനിയായ ദേവിയുടെ ചരിതം അല്പം വൎണ്ണിക്കപ്പെട്ടിട്ടുള്ളതിനെ അടിസ്ഥാനപ്പെടുത്തി ദേവീഭാഗവതത്തെ മഹാപുരാണപംക്തിയിൽനിന്നു വിട്ടൊഴിക്കുവാൻ പാടുള്ളതല്ല. 'യദിദം കാളികാഖ്യം തന്മൂലം ഭാഗവതം സ്മൃതം' എന്ന ദേവീഭാഗവതോക്തമായ വചനംതന്നെ ദേവീഭാഗവതം മഹാപുരാണമാണെന്നുള്ളതിന്നു പ്രമാണം. എന്നുമാത്രമല്ല, വേദത്തിൽ ആരുണം എന്ന ഒരു ഭാഗത്തെ അടിസ്ഥാനപ്പെടുത്തി വേദവ്യാസർ പരാശക്തി പരമായി രചിച്ചിട്ടുള്ള പുരാണമാകുന്നു ദേവീഭാഗവതം. പുരാണങ്ങൾ അനേകം രചിച്ചിട്ടും മനസ്തുഷ്ടിയില്ലാതെ വേദവ്യാസർ ക്ലേശിച്ചുകൊണ്ടിരുന്ന സമയം മനസ്സിന്നു ശാന്തിയും ഏകാഗ്രതയും ലഭിപ്പാൻ വേണ്ടി രചിച്ചിട്ടുള്ള പുരാണമാകുന്നു ദേവീഭാഗവതം എന്നു വരുമ്പോൾ അതു മഹാപുരാണമായിരിക്കാനെ തരമുള്ളു.

വ്യാസരുടെ പുത്രാലോചന.

ലോകോപകാരമായി അനേകഗ്രന്ഥങ്ങൾ നിൎമ്മിച്ച ശേഷം വേദവ്യാസർ സരസ്വതീനദീതീരത്തിൽ ഒരു പൎണ്ണശാല നിൎമ്മിച്ച് അതിൽ ശാന്തവാസം അനുഭവിച്ചുംകൊണ്ടു പരബ്രഹ്മദ്ധ്യാനനിരതനായി കാലയാപനം ചെയ്തുവരികയായിരുന്നു. ഒരുദിവസം പൎണ്ണശാലയുടെ പുരോഭാഗത്തിലുള്ള ഒരു വൃക്ഷകോടരത്തിൽ രണ്ടു കുരിപ്പക്ഷികൾ സന്തോഷസമ്മിശ്രമായ ഗാനങ്ങൾ പുറപ്പെടിക്കുന്നതു വ്യാസരുടെ കൎണ്ണങ്ങളിൽ പെട്ടു. പക്ഷികളുടെ സന്തോഷത്തിന്നു കാരണമെന്താണെന്നറിവാൻ വ്യാസഭഗവാൻ പൎണ്ണശാലാന്തൎഭാഗത്തിൽനിന്നു പുറത്തിറങ്ങി. ആ രണ്ടു പക്ഷികൾ അവരുടെ മദ്ധ്യത്തിൽ ഒരു ചെറുപക്ഷിക്കുഞ്ഞിനെ ഇരുത്തി അതിനെ ചിറകുകൾകൊണ്ട് ആശ്ലേഷം ചെയ്യുന്നതിനേയും, പലവിധമായ ആഹാരങ്ങൾ കൊത്തി ചെറുപക്ഷിയുടെ ചഞ്ചുവിൽ വെച്ചുകൊടുക്കുന്നതിനേയും വ്യാസമഹൎഷി കണ്ടു. അത്ഭുതഹൎഷത്തിന്നു കാൎയ്യം മനസ്സിലായി. രണ്ടു പക്ഷികളിൽ ഒന്നു പൂവനും, മറേറതു പിടയും ആയിരുന്നു. ദമ്പതികളായ ഈ പക്ഷികൾ അവരുടെ സന്താനവും ഭാഗ്യസൎവ്വസ്വവും ആയ ചെറുപക്ഷിയെ മദ്ധ്യത്തിൽ ഇരുത്തി പുത്രഭാഗ്യം അനുഭവിക്കുകയായിരുന്നു. പൂവനും പിടയും കൂടി തങ്ങളുടെ പുത്രനെ പറക്കാൻ പഠിപ്പിക്കുന്നു. പുത്രനെ എടുത്തു മാറോടണക്കുന്നു. പലെ ശബ്ദങ്ങളും അതിനെ വശമാക്കുന്നു. ചെറുപക്ഷിക്കു വിശ്രമിക്കാൻ വേണ്ടി അതിമൃദുലമായ ശയ്യ തയ്യാറാക്കുന്നു. മററു പക്ഷികളിൽനിന്നും മൃഗങ്ങളിൽനിന്നും അപായം വരാതെയിരിക്കാൻ വേണ്ടി ജാഗ്രതയോടുകൂടി നാലുപുറവും ചുററി നോക്കുന്നു.

മുട്ടയിൽനിന്നു സദ്യോജാതമായുള്ള തന്റെ
കുട്ടിയെച്ചിറകുകൊണ്ടാശ്ലേഷം ചെയ്യുന്നതും
ത്വരിതമിര കൊത്തിക്കൊണ്ടുവന്നതിൻവക്ത്ര
കുഹരന്നിങ്കലാക്കിക്കൊടുക്കുന്നതും പിന്നെ
കുട്ടിതൻ ശുഭമായ മുഖത്തെ കൂടക്കൂടെ
പൃഷ്ടമോദേന ചുംബിക്കുന്നതും

കണ്ടപ്പോൾ വേദവ്യാസഭഗവാൻ ആലോചിച്ചു. 'തിര്യഗ്ജാതികൾക്കുകൂടി പുത്രപ്രേമം ഇത്രയുണ്ടാകുന്നത് ആശ്ചര്യംതന്നെ. ഈ പക്ഷികൾ എന്തിനാണ് അവരുടെ പൈതലിനെ ഇത്രമാത്രം സ്നേഹിക്കുന്നത്?

ഇപ്പക്ഷികൾക്കു പുത്രൻ തന്നെക്കൊണ്ടുപകാര
മല്ലമെന്നാലുമൊരു കാലത്തുണ്ടാസ്സരാ
പുത്രപതിതൻമുഖം കണ്ടിവർ മോദിക്കുമോ
വാർദ്ധക്യകാലത്തിങ്കൽ ശുശ്രൂഷ ചെയ്തീടുമോ
ജനനീജനകന്മാർ കല്പിക്കുന്നതു കേട്ടു
ധനമാർജ്ജിച്ചുകൊണ്ടു വന്നിവർ രക്ഷിക്കുമോ
ചത്തുപോകുകിൽ ശേഷക്രിയകൾ ചെയ്തീടുമോ
ശ്രദ്ധയാ ഗയാശ്രാദ്ധമൂട്ടുമോ ഹാ ഹാ ചിത്രം.

ഈ പക്ഷികൾക്കു പുത്രനെക്കൊണ്ടു യാതൊരു ഉപകാരവും ഉണ്ടാകുന്നതല്ല. എന്നിട്ടുംകൂടി പക്ഷികളുടെ പുത്രസ്നേഹം വളരെ പ്രബലമായിട്ടാണു കാണുന്നത്. സംസാരത്തിൽ പുത്രസുഖമാകുന്നു ഏററവും പ്രധാനമായി കാണപ്പെടുന്നത്. ദുഃഖകൂപത്തിൽനിന്ന് ഒരുവനെ ഉദ്ധരിക്കുന്നത് അവന്റെ പുത്രനാകുന്നുവെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നു. പ്രത്യക്ഷാനുഭവവും അങ്ങിനെതന്നെയാണ്. 'എനിക്കു പുത്രന്മാരില്ലല്ലോ. എന്റെ വാർദ്ധക്യ

കാലത്തിൽ എന്നെ ആർ സംരക്ഷിക്കും ? എൻെറ മരണശേഷം എൻെറ സ്വത്തുക്കളെ അനുഭവിക്കാൻ ആരാണ്" എന്നുള്ള ആലോചനകളാൽ മരണശയ്യയിൽ കിടക്കുന്നവൻെറ വിചാരം കലുഷിതമായിത്തീരുന്നു. അപ്രകാരമുള്ള വിചാരത്തോടുകൂടി മരിക്കുന്നവന്നു മോക്ഷം സിദ്ധിക്കുകയില്ല. മരണശയ്യാസ്ഥിതനായ പിതാവിൻെറ ലൌകികവിചാരങ്ങളെ മുഴുവനും കയ്യേററു വാങ്ങുവാൻ അധികാരിയായി പുത്രൻ ഒരുത്തനുണ്ടെങ്കിൽ, പിതാവിൻെറ അന്ത്യകാലവിചാരങ്ങളെ മുഴുവനും സാക്ഷാൽ പരബ്രഹ്മത്തിൽ സ്ഥാപിക്കുവാൻ സാധിക്കും. തന്മൂലം സംസാരബന്ധത്തെ ത്യജിക്കുവാനും കാലചക്രത്തിൻെറ കറങ്ങലിൽ പെട്ടു ജനിച്ചും മരിച്ചും കഷ്ടപ്പെടാതെ മോക്ഷം ലഭിക്കുവാനും കാരണമായ്ത്തീരും. അതുകൊണ്ടു ഞാൻ ഒരു പുത്രനെ ഉല്പാദിപ്പിക്കണം" എന്നിങ്ങിനെ ആലോചിച്ചുകൊണ്ടു വ്യാസഭഗവാൻ കുറേ നേരം പർണ്ണശാലാങ്കണത്തിൽതന്നെ ഇരുന്നു. ഒടുവിൽ പർണ്ണശാലയെ വിട്ടു പുറപ്പെട്ടുപോയി വേദവ്യാസർ മേരു ശൈലോപാന്തത്തിൽ എത്തി.

തപസ്സിന്നുള്ള യാത്ര.

പുത്രലാഭാർത്ഥം ഉടനെ ഒരു കന്യകാരത്നത്തെ വിവാഹം ചെയ്യേണമെന്നല്ല വ്യാസഭഗവാന്നു തോന്നിയത്. അങ്ങിനെ തോന്നുന്നതു സാധാരണന്മാർക്കാണ്. ഏതു പ്രവൃത്തിയുടെ പൂർവ്വാംഗമായും ഈശ്വരഭജനം ചെയ്യുക എന്നുള്ള വൃത്തിയെ അടിസ്ഥാനമാക്കിയല്ലാതെ നമ്മുടെ പൂർവ്വികന്മാർ കർമ്മങ്ങളെ ആരംഭിച്ചിരുന്നില്ല. ഇന്നത്തെ സ്ഥിതിക്കും പൂർവ്വകാലത്തെ സ്ഥിതിക്കും തമ്മിലുള്ള വ്യത്യാ

സങ്ങൾ അനവധിയുണ്ടെങ്കിലും പൂർവ്വകാലത്തിലെ ജന ങ്ങൾ ഒട്ടുമുക്കാലും ഈശ്വരഭക്തന്മാരും ഇദാനീന്തനകാലത്തിലെ ജനങ്ങൾ ഒട്ടുമുക്കാലും—ഒട്ടുമുക്കാലം അല്ല; മുഴുവനും എന്നുതന്നെ പറയാം—ഭൌതികവാദികളും ആണെന്നുള്ള ഏകസംഗതിയാണ, പൂർവ്വകാലത്തിലെ ജനങ്ങൾക്കും ഇപ്പോഴത്തെ ജനങ്ങൾക്കും തമ്മിലുള്ള പ്രധാനമായ വ്യത്യാസത്തെ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ടു, പുത്രലാഭത്തിന്ന് എളുപ്പമായ മാർഗ്ഗം വിവാഹമാണെന്നുവെന്നുള്ള വാസ്തവത്തെ ആലോചിക്കാതെ, വേദവ്യാസർ തപസ്സിന്നായി മേരുശൈലോപാന്തത്തിൽ എത്തിച്ചേർന്നതിൽ, ആശ്ചർയ്യപ്പെടാനില്ല. പുത്രലാഭേച്ഛുക്കളായ പൂർവ്വികന്മാരെല്ലാം, അവരുടെ ആഗ്രഹപൂരണത്തിന്നായി തപസ്സു ചെയ്യിട്ടുള്ളതായി കാണാം. മൃകണ്ഡുവിൻെറ തപശ്ശക്തി മൂലം ചിരഞ്ജീവിയും പരമശിവഭക്തനും ആയ മാർക്കണ്ഡേയൻ ഉണ്ടായി. ദശരഥമഹാരാജാവിൻെറ പുത്രകാമേഷ്ടി മൂലം ശ്രീരാമൻ ജാതനായി. വേദവ്യാസരുടെ തപശ്ശക്തിയിൽനിന്നു ശുകബ്രഹ്മമഹർഷിയും ജാതനായി. വ്യാസർ മേരുശൈലോപാന്തത്തിൽ ചെന്നു വാഞ്ഛിതാവാപ്തിക്കായി ഏതു മൂർത്തിയെ ഉദ്ദേശിച്ചാണ തപസ്സു ചെയ്യേണ്ടതെന്നാലോചിച്ചു. 'ഏകമേവ അദ്വിതീയം ബ്രഹ്മ' എന്നുള്ള അറിവു വ്യാസഭഗവാന്ന് ഇല്ലാതെയല്ല ഏതു മൂർത്തിയെ ഉദ്ദേശിച്ചു തപസ്സു ചെയ്യേണമെന്ന് ആലോചനയുണ്ടായത്. യാതൊരു വികാരങ്ങളും ഇല്ലാത്ത ബ്രഹ്മം, ശക്തിയോടുകൂടി ചേരുമ്പോൾ ബ്രഹ്മവിഷ്ണുരുദ്രാദിസ്വരൂപങ്ങളെ അവലംബിച്ചു, സൃഷ്ടിസ്ഥിതിസംഹാരകൃത്യങ്ങളെ ചെയ്യുന്നു. മൂർത്തിധാരണത്തിൻെറ

അവസ്ഥാഭേദങ്ങളേയും, ദേശകാലവ്യത്യാസങ്ങളേയും അനുസരിച്ച ചില ദേവന്മാർ ക്ഷിപ്രപ്രസാദികളായിട്ടും, മററ ചില ദേവന്മാർ അക്ഷിപ്രപ്രസാദികളായിട്ടും ഭവിക്കുന്നു. അതുകൊണ്ടു വേദവിഭാഗകത്താവും, പുരാണരചയിതാവും ആയ കൃഷ്ണദ്വൈപായനഭഗവാൻ, ഏതു മൂൎത്തിയെ ഭജിക്കേണ്ടുവെന്നാലോചിച്ചതു യുക്തംതന്നെ.

വ്യാസ_നാരദസംവാദം.

വ്യാസഭഗവാൻെറ സന്ദേഹപരിഹാരം ചെയ്യാൻ നാരദമുനി അവിടെയെഴുന്നെള്ളി. കലഹപ്രിയനെന്നുള്ള സ്ഥാനം സമ്പാദിച്ചിട്ടുള്ള നാരദമഹൎഷി, ലോകോപകാരമായി ചെയ്തിട്ടുള്ള കൎമ്മങ്ങളെ ആലോചിക്കുന്നതായാൽ, അദ്ദേഹം വിളയിച്ചിട്ടുള്ള കലഹങ്ങളൊന്നും, കലഹങ്ങളായിരിക്കുകയില്ല. ഇക്കാലത്തു ശ്രേഷ്ഠമായ ഒരു വൎത്തമാനപത്രം ജനസമുദായത്തിന്നിടയിൽ ഏതെല്ലാം വിധം പരിഷ്കാരം ചെയ്യുമോ, രാജാക്കന്മാരുടെ ഭരണത്തെ ഏതു പ്രകാരം പ്രജാക്ഷേമാഭിമുഖമായി നയിപ്പിക്കുമോ, അവിടവിടെ ഉൽഭൂതമാകുന്ന ഓരോ അക്രമങ്ങളെ നാടെങ്ങും അറിയിച്ച ന്യായസംസ്ഥാപനം ചെയ്യുമോ, അതേപ്രകാരത്തിൽ നാരദമഹൎഷി, പൂൎവ്വകാലങ്ങളിൽ നാടെങ്ങും നന്മ വിളയിച്ചുകൊണ്ടിരുന്നു. ആ മഹാമുനി എത്താത്ത സ്ഥലം ഇല്ല. അദ്ദേഹം അറിയാത്ത വൎത്തമാനങ്ങളില്ല. ത്രിലോകങ്ങളിലും, ഇന്നത്തെ കമ്പിയില്ലാക്കമ്പിമൂലമുള്ള വൎത്തമാനപ്രചാരത്തിൽ അധികം വേഗതയോടുകൂടി, നാരദമുനി സഞ്ചരിക്കും. സൎക്കാരിൽനിന്നുണ്ടാകുന്ന കല്പനകളും വിളംബരങ്ങളും, സൎക്കാർ ഗസററിൽ പതിയു

ന്നതുപോലെ, ത്രിമൂൎത്തികളുടെ ഉദ്ദേശങ്ങളും ഗതികളും നാരദമുനിയുടെ ഹൃദയത്തിൽ പതിയും. തന്റെ ഹൃദ്ഗതമായുള്ള ഈശ്വരേച്ഛകളെ, ഏതുവിധം പ്രചാരപ്പെടുത്തേണ്ടുവെന്നു നാരദമഹൎഷിക്കു നല്ലവണ്ണം അറിയാം. പൂൎവ്വകാലത്തെ ഒരു ധൎമ്മസംസ്ഥാപകനായ പത്രാധിപരായിട്ടാണെങ്കിൽ അങ്ങിനെ, വൎത്തമാനക്കടലാസിലേയ്ക്കു വിവിധവൎത്തമാനങ്ങൾ സംഭരിച്ചുകൊടുക്കുന്ന ലേഖകനാണെങ്കിൽ അങ്ങിനെ, വൎത്തമാനപത്രങ്ങളിലേയ്ക്കുവേണ്ടി പ്രാസംഗികന്മാരുടെ പ്രസംഗവിഷയത്തെ കുറിച്ചെടുക്കുന്ന ചുരുക്കെഴുത്തുകാരൻ (Short-hand writer) ആണെങ്കിൽ അങ്ങിനെ, ഈ പ്രവൃത്തികളുടെ സങ്കരമാണെങ്കിൽ അങ്ങിനെ. ഈ വിധത്തിലെല്ലാം നാരദമുനി പ്രവൃത്തി എടുത്തിരുന്നുവെങ്കിലും അദ്ദേഹത്തിന്നു പ്രതിഫലേച്ഛ ഉണ്ടായിരുന്നില്ല. ലോകക്ഷേമത്തെ നിദാനമാക്കീട്ടുള്ള പ്രവൃത്തികളെ മാത്രമേ അദ്ദേഹം കയ്യേററിരുന്നുള്ളു. നാരദമുനിയെ ഒരു വൎത്തമാനപത്രപരിപാടികളുമായി ഉപമിച്ചതുകൊണ്ട്, അദ്ദേഹം പൂൎവ്വകാലത്തിൽ ജനങ്ങളുടെ ഇടയിൽ ജ്ഞാനവിതരണം ചെയ്തിരുന്ന മാഹാത്മ്യത്തിന്റെ ശതാംശമെങ്കിലും വിവരിക്കാൻ സാധിച്ചിട്ടില്ല. ധൎമ്മസംസ്ഥാപനത്തിന്നുവേണ്ടി ശിഷ്ടന്മാരെ സംരക്ഷിക്കുവാനും, ദുഷ്ടന്മാരെ നിഗ്രഹിക്കുവാനും, ഉപായങ്ങൾ കണ്ടുപിടിച്ചു ത്രിമൂൎത്തികളെ ഉപദേശിക്കുവാനും, ലോകോപകാരികളായി മഹാന്മാർ ഭൂലോകത്തിൽ അവതരിക്കേണ്ടിവരുമ്പോൾ അവതാരപീഠികയായ കൃത്യങ്ങൾ നിൎവ്വഹിക്കുന്നതിന്നും, നാരദമുനി സദാ ബദ്ധകങ്കണനായിരുന്നു. വേദവ്യാസരുടെ പുത്രനായി ശുകബ്രഹ്മമഹ-

ഷി അവതീൎണ്ണനാകേണ്ടതായ ഘട്ടം അടുത്തെത്തിക്കഴിഞ്ഞുവെന്നും, അതിന്നുള്ള മാൎഗ്ഗം വേദവ്യാസരെ ഉപദേശിക്കേണ്ടതാണെന്നും, നാരദമഹാമുനി ദിവ്യജ്ഞാനത്താൽ മനസ്സിലാക്കി, മേരുശൈലോപാന്തസ്ഥിതനായ വ്യാസഭഗവാന്റെ മുമ്പിൽ പ്രത്യക്ഷനായതായിരുന്നു. നാരദമഹൎഷിയെക്കണ്ട മാത്രത്തിൽ, ആനന്ദതുന്ദിലനായ വേദവ്യാസർ, സന്തോഷബാഷ്പപരിപൂൎണ്ണങ്ങളായ നയനങ്ങളെ തുടച്ചുകൊണ്ടും, ഗൽഗദാക്ഷരങ്ങളാൽ അസ്പഷ്ടമായ അഭിവാദ്യവചനങ്ങളെ ഉച്ചരിച്ചുകൊണ്ടും, നാരദനെ സാഷ്ടാംഗം നമസ്കരിച്ചു.

വേദവ്യാസൻ— മഹാമുനേ! ഞാൻ ചിന്താമഗ്നനായി സന്ദേഹാന്ദോളിതനായി കുഴങ്ങുന്നസമയം നിന്തിരുവടിയേകണ്ടത് എന്റെ പൂൎവ്വപുണ്യം. പുത്രനില്ലാത്തവൎക്കു മുക്തിയില്ലെന്നാണല്ലോ ആപ്തവചനം. ഞാൻ പുത്രലാഭേച്ഛുവായിത്തീൎന്നിരിക്കുന്നു. സൽപുത്രലാഭാൎത്ഥം ഞാൻ ആരെയാണ ഭജിക്കേണ്ടത് എന്ന് ഉപദേശിച്ചുതരണം.

നാരദൻ— ഞാൻ പറഞ്ഞുതരാം. മഹാവിഷ്ണു സദാദ്ധ്യാനനിരതനായിരിക്കുന്നതിനെക്കണ്ടിട്ട്, ആദികാലത്തിൽ, എന്റെ പിതാവായ കമലോത്ഭവൻ, വിഷ്ണുഭഗവാനോട് "പ്രഭോ! സൎവ്വത്തിന്നും ഉപരിയായ നിന്തിരുവടി ആരെയാണ ധ്യാനിക്കുന്നത്" എന്നു ചോദിച്ചു. അപ്പോൾ,

"നമ്മെയൊക്കെയും ലോകേശ്വരിയാം പരാശക്തി
കൎമ്മങ്ങളോരോന്നിങ്കൽ നിയമിച്ചിരിക്കുന്നു

സൃഷ്ടിക്കവേണ്ടിനിന്നിൽ രാജസീശക്തിയേയും
വിഷ്ണുപരക്ഷയ്ക്കുന്നിൽ സാത്വികീശക്തിയേയും
ശിക്ഷക്കരുദ്രൻതന്നിൽ താമസീശക്തിയേയും
സാക്ഷാലീശ്വരൻതന്നിട്ടുണ്ടെന്നു ധരിക്കനീ"

എന്നു മറുപടി അരുളിച്ചെയ്തു. അതുകൊണ്ടു ത്രിമൂൎത്തികളടക്കമുള്ള സൎവ്വചരാചരങ്ങളേയും നിയന്ത്രണം ചെയ്യുന്നതും അതാതിനു വേണ്ടപ്പെട്ട സാധനങ്ങളെ നൽകുന്നതും സാക്ഷാൽ പരാശക്തിയാകുന്നു. ലോകമാതാവായ ആദ്യശക്തിയ്ക്കു് അംബികയെന്നു പേർ. അതുകൊണ്ടു നിന്റെ അഭീഷ്ടസിദ്ധിക്കായി പരാശക്തിയെ ഭജിച്ചാലും.

വ്യാസൻ—പരാശക്തി ത്രിമൂൎത്തികളെ നിയന്ത്രണം ചെയ്യുന്നുവെന്നു പറയുന്നത് എങ്ങിനെയാണ്? എന്റെ സന്ദേഹത്തെ തീൎത്തുതരേണമെന്നു ഞാൻ പ്രാൎത്ഥിക്കുന്നു.

നാരദൻ—മധുകൈടഭന്മാർ ബ്രഹ്മാവിനെ എതിൎത്തപ്പോൾ ബ്രഹ്മദേവൻ നിദ്രാഗതനായ മഹാവിഷ്ണുവെ സ്തോത്രം ചെയ്തുണൎത്തില്ലിക്കുവാൻ എത്രയോ ബുദ്ധിമുട്ടി. സാധിച്ചില്ല. ഒടുവിൽ പരാശക്തിയെ സ്തോത്രംചെയ്തു. അപ്പോൾ തന്റെ അധീനനായ വിഷ്ണുവെ പരാശക്തി സ്വതന്ത്രനാക്കി വിട്ടയച്ചു. ഉഭയമത്സ്യകൂൎമ്മസൂകരയോനികളിൽ മഹാവിഷ്ണു ജനിച്ചത് അദ്ദേഹത്തിന്നു് അങ്ങിനെ ചെയ്വാൻ ഇഷ്ടമുണ്ടായിട്ടാണോ? അല്ല. മഹാവിഷ്ണുവിന്നു സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ ചേതോമോഹനയായ കമലാദേവിയുടെ ആശ്ലേഷത്തെ ഉപേക്ഷിച്ചു തിൎയ്യഗ്യോനികളിൽ ജനിക്കുമോ?

വ്യാസർ— ഇപ്പോൾ എന്റെ സന്ദേഹം തീൎന്നു. ഞാൻ അംബികയേ ഉപാസനചെയ്തു് എന്റെ അഭീഷ്ടത്തെ

നിരുവേററാം. അങ്ങയുടെ പാദാരവിന്ദങ്ങളിൽ അനന്തകോടി നമസ്കാരം.

നാരദമഹാമുനി അരുളിച്ചെയ്തപ്രകാരം വേദവ്യാസർ പരാശക്തിയെ ലക്ഷ്യമാക്കി തപസ്സാരംഭിച്ചു.

ശുകോല്പത്തി.

നാരദോപദിഷ്ടമായ ഏകാക്ഷരമന്ത്രത്തെ ഉച്ചരിച്ചുകൊണ്ടു പരാശക്തിയിൽ നിക്ഷിപ്തമായ ഹൃദയത്തോടുകൂടി വേദവ്യാസർ തപസ്സാരംഭിച്ചു. സ്ഥാവരജംഗമമയമായ ലോകങ്ങളിലെല്ലാം വേദവ്യാസരുടെ ഉഗ്രമായ തപശ്ശക്തി വ്യാപ്തമായി. പഞ്ചേന്ദ്രിയങ്ങളേയും പഞ്ചവായുക്കളേയും അടക്കി പാർവ്വതീസമേതനായ ശിവസ്വരൂപത്തെദ്ധ്യാനിച്ചുകൊണ്ടു വേദവ്യാസർ ശതസംവത്സരം തപസ്സു ചെയ്തപ്പോൾ മഹേശ്വരൻ പാർവ്വതിയാൽ പ്രേരിതനായിട്ടു വ്യാസരുടെ മുമ്പാകെ പ്രത്യക്ഷനായി. ആശ്രയിക്കുന്നവരെ കഷ്ടപ്പെടുത്തേണമെന്നു ഈശ്വരന്മാർ വിചാരിക്കുകയില്ല. അവർ അപ്രകാരം വിചാരിക്കുന്നതായാൽ കരുണാപരിപൂർണ്ണകളായ ഈശ്വരിമാർ ഭക്തന്മാരെ സന്ത്യജിച്ചു കളയുകയില്ല. ഉമാസഹായിയായ പരമേശ്വരൻ വ്യാസരുടെ മുമ്പിൽ വന്നുനിന്നു,

ഉത്ഥാനം ചെയ്തിടുക വാസവീസൂനോ! നിണ-
ക്കുത്തമനായിട്ടൊരു നന്ദനുളവാകും"

എന്നു ശാന്തമൃദുലമായ സ്വരത്തിൽ പറഞ്ഞപ്പോൾ സമാധിസ്ഥിതനായ വ്യാസമുനി എഴുന്നീററു ശിവശ്ശക്തികളുടെ പാദാരവിന്ദങ്ങളിൽ നമസ്കരിച്ചു പർണ്ണശാലയിലേയ്ക്കു തിരിച്ചു. സരസ്വതി നദിയിൽ സ്നാനം ചെയ്തശേഷം ഹോമത്തിന്നായി അഗ്നിയുണ്ടാക്കാൻവേണ്ടി വേദവ്യാസൻ അരണി കടഞ്ഞുതുടങ്ങി.

"മന്ഥാനദണ്ഡത്തെയും അരണിയെയും തമ്മിൽ
സന്ധായ കടഞ്ഞീടിലഗ്നിയുണ്ടാകുംപോലെ
പുത്രനെങ്ങിനെയെനിക്കുണ്ടാകുന്നതുമിനി-
പുത്രനെജ്ജനിപ്പിക്കും ഭാര്യയില്ലല്ലോ മമ."

എന്നു വിചാരിച്ചുകൊണ്ടാണു വേദവ്യാസൻ അരണി കടഞ്ഞത്. "കാമവൈരിയായ പരമേശ്വരൻകൂടി കാമിനീ പാശബദ്ധനായിരിക്കുന്നു. ഗൃഹസ്ഥാശ്രമം ദുർഘടം തന്നെ. സൌന്ദര്യം പാതിവ്രത്യം സൽക്കുലീനത്വം മുതലായ ഗുണങ്ങൾ തികഞ്ഞ ഒരു തരുണിയെ വിവാഹം ചെയ്താൽകൂടി ഒടുവിൽ അവൾ പുരുഷന്റെ പാദശൃംഖയായി വരികയേ ഉള്ളു. പുത്രലാഭാർത്ഥം ഞാൻ വരവും വാങ്ങിക്കഴിഞ്ഞു. ഗൃഹസ്ഥാശ്രമം ദീക്ഷിക്കാതെ എങ്ങിനെ പുത്രനുണ്ടാകും?" എന്നു ചിന്തിച്ചുകൊണ്ടു വേദവ്യാസർ പുത്രകാമനായി അഗ്നിമഥനം ചെയ്യുമ്പോൾ ഘൃതാചിയെന്നു പേരായ ദേവനാരിയെ മിന്നൽപിണരെന്നപോലെ ആകാശമാർഗ്ഗത്തിൽ കണ്ടുവശായി. ചഞ്ചലാപാംഗിയായ അപ്സരസ്ത്രീയെ കണ്ടഉടനെതന്നെ വേദവ്യാസർ പഞ്ചബാണാക്രാന്തനായി. എങ്കിലും അദ്ദേഹം ധൈര്യം അവലംബിച്ചു. "ശതസംവത്സരകാലം ഘോരമായി തപസ്സുചെയ്തു ഞാൻ ഒരു നാരിയെക്കണ്ടുമോഹിക്കുന്നത് എത്ര നിന്ദ്യമാണ്. ഈ ദേവനാരി സൌന്ദര്യവതിയാണെങ്കിലും ഇവളെ വിശ്വസിച്ചുകൂടാ. പുരൂരവസ്സിനെ ചതിച്ച ഉർവ്വശിയുടെ കൂട്ടുകാരിയാണ് ഇവൾ." എന്നിപ്രകാരം ചിന്തിച്ചുകൊണ്ടിരിക്കുന്ന വ്യാസമഹർഷിയുടെ ദൃഷ്ടിപഥത്തിൽ ഘൃതാചി പെട്ടുവശാവുകയും ചെയ്തു. കാമപരവശനായി വ്യാസമഹർഷി തന്നെ

നോക്കുന്നുണ്ടെന്നും അത്ഭുതഘൃതത്തിന്റെ തപോവിഘ്നം ചെയ്യാൻ താൻ കാരണഭൂതയായിത്തീൎന്നുവെന്നും തന്മൂലം മഹൎഷിതന്നെ ശപിക്കുമെന്നും ആലോചിച്ചുകൊണ്ടു ഘൃതാചി ശാപത്തെ ഒഴിച്ചുകളയുവാൻവേണ്ടി ഒരു ശാരികത്തരുണിയുടെ വേഷംധരിച്ചു മറഞ്ഞുനിന്നു. വേഷം മാറിയതുകൊണ്ടു വ്യാസർ ശുകരൂപിണിയായ ഘൃതാചിയെക്കാണാതിരുന്നില്ല.

വളരെയടക്കീട്ടും മുനിക്കുനിജചിത്ത
മിളകാതാക്കീടുവാൻ ശക്തിയുണ്ടായീലഹോ
ദേവനാരിയിൽ പതിഞ്ഞൊരു താപസചിത്തം
ഭാവിയോഗത്താൽനില നിന്നീല തെല്ലുപോലും
ത്വരിതമഗ്നികാമനായ് മുനി കടയുന്നോ-
രരണിതന്നിൽനിജ രേതസ്സു പതിച്ചിതു
ശുക്ലപാതമുണ്ടായതറിയാതമ്മുനീന്ദ്രൻ
തക്കത്തിലരണിയെക്കടഞ്ഞീടുന്നനേരം
അതിൽനിന്നുത്ഭവിച്ചാനതികോമളൻവ്യാസ
സദൃശാകൃതി ശുകബ്രഹ്മൎഷി മഹാമതി

അച്ഛനും മകനും.

ജാതമാത്രത്തിൽതന്നെ നിജതേജസ്സുകൊണ്ടു ജാതവേദനെപ്പോലെ ശോഭിക്കുന്ന പുത്രനെക്കണ്ടു പരമാനന്ദത്തോടെ വേദവ്യാസർ മകനെ ആലിംഗനം ചെയ്തു. പുളകാങ്കിതനായി മകനെ മടിയിൽ എടുത്തുവെച്ചു മൂൎദ്ധാവിൽ തുടരത്തുടരെ ചുംബിച്ചു. ഹിമാലയത്തിൽനിന്നു ഗംഗാദേവി വേദവ്യാസാശ്രമത്തിങ്കലേയ്ക്കു ഒഴുകി. ഭൂജാതനായ ഋഷികുമാരനെ ജാഹ്നവീദേവി തന്നെ എടുത്തു കുളിപ്പിച്ചു. ശുകാവതാരത്തെ ഘോഷിക്കാൻ ദേവകൾ വാദ്യങ്ങളെ മുഴക്കി. നാരദൻ, വിശ്വാവസു, തുംബുരു

തുടങ്ങിയുള്ള മുനിവൎയ്യന്മാർ വിണ്ണാഗാനം ഉതിൎത്തു. ദണ്ഡും കമണ്ഡലവും കൃഷ്ണാജിനവും നഭോമണ്ഡലത്തിൽ നിന്നു വ്യാസപുത്രന്റെ ആവിശ്യത്തിന്നായി താഴെ പതിച്ചു. പുത്രോല്പാദനകാലത്തിൽ വേദവ്യാസർ ശുകീരൂപത്തെ സ്മരിച്ചിരുന്നതുകൊണ്ടു ശുകൻ എന്നു പുത്രന്നു നാമകരണം ചെയ്തു. ദേവഗുരുവായ ബൃഹസ്പതിയുടെ ശിഷ്യനായി ശുകൻ സൎവ്വശാസ്ത്രങ്ങളും അഭ്യസിച്ചു. "ഹവ്യത്താലദ്ധ്വരത്തിലഗ്നിയെന്നതുപോലെ" ദിവ്യനായി ശോഭിക്കുന്ന വ്യാസപുത്രൻ ഗുരുകുലവാസവും ഗുരുദക്ഷിണയും കഴിച്ചശേഷം പിതാവിന്റെ സമീപം എത്തി നമസ്കരിച്ചു. പിതൃശുശ്രൂഷയും ചെയ്തു ശുകൻ വസിക്കുമ്പോൾ ഒരു ദിവസം വേദവ്യാസർ മകനോടു പറഞ്ഞു.

വേദവ്യാസർ—പ്രിയപുത്ര! സമസ്തകല്യാണനിധിയായ നിന്നെ അംബികയുടെ വരപ്രസാദം ഹേതുവാൽ പുത്രനായി ലഭിക്കുവാൻ എനിക്കു ഭാഗ്യം ഉണ്ടായി. നിനക്കു യൌവ്വനം ആരംഭിച്ചുകഴിഞ്ഞു. പുത്രന്മാരുടെ വിവാഹകാൎയ്യത്തെപ്പററി ചിന്തിക്കേണ്ടതു പിതാക്കന്മാരുടെ ഭാരമാകുന്നു. പുത്രനില്ലാത്തവന്നു സൽഗതി ലഭിക്കയില്ലെന്നാണു പ്രമാണം. അതുകൊണ്ടു നീ ഒരു തരുണിമണിയെ വിവാഹംചെയ്തു ലോകോപകാരാൎത്ഥം ഗൃഹസ്ഥാശ്രമധൎമ്മങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു സുഖമായിരിക്കുക.

ശുകൻ—അച്ഛാ! വേദവിഭാഗം ചെയ്തിട്ടുള്ള അങ്ങുന്നു എന്താണ് ഇങ്ങിനെ ഉപദേശിക്കുന്നത് ? പിതൃശാസനയെ ലംഘിക്കാൻ ഞാൻ ഒരുക്കമില്ല. എങ്കിലും അവിടുത്തെ പുത്രനായ എന്നെ കാമിനീപാശബന്ധനാ

സ്ഥനായിത്തീരാൻ അച്ഛൻ എന്നെ നിർബ്ബന്ധിക്കുന്ന
തു ശരിയല്ല. എന്തുകൊണ്ടെന്നാൽ,

ദേഹമെത്രയും മലമൂത്രസങ്കലമതി
ഗർഹിതമതുപോലെതന്നെ സ്ത്രീ ശരീരവും
മതിമാനായുള്ളവനൊരുകാലത്തുമതിൽ
കൊതിയുണ്ടാകയില്ലെന്നറിക തപോനിധേ!
ആത്മാരാമനായുള്ള പുരുഷൻ വിഷയത്തി-
ലാത്മാവുതന്നെ വെച്ചീടുകയില്ലൊരിക്കലും.

അതുകൊണ്ട് എനിക്കു വിവാഹത്തിൽ ആഗ്രഹമൊട്ടും തന്നെയില്ല. എന്റെ ഗുരുവായ ബൃഹസ്പതി സംസാരിയാകകൊണ്ടാണ് ഞാൻ അദ്ദേഹത്തെ വിട്ടുപോന്നത്. അവിദ്യാഗ്രസ്തനായ ഒരുവൻ മറ്റൊരുത്തന്റെ അവിദ്യാബന്ധങ്ങളെ ദൂരീകരിക്കാൻ എങ്ങിനെ പ്രാപ്തനാകും. സംസാരസർപ്പം എന്നെ ദംശിക്കുംമുമ്പെ നിന്തിരുവടി എന്നെ സംരക്ഷിച്ചരുളിയാലും. വിവാഹം ചെയ്യേണമെന്ന് എന്നോടു കല്പിക്കരുത്.

വ്യാസർ—ഗൃഹധർമ്മത്തെക്കാൾ വലുതായ ധർമ്മം ഇഹലോകത്തിൽ മറ്റൊന്നുമില്ല. ജ്ഞാനികളായ വസിഷ്ഠാദ്യാചാര്യന്മാർ ഗൃഹസ്ഥാശ്രമം ദീക്ഷിക്കുന്നതു നിണക്കറിഞ്ഞുകൂടെ. വേദവിഹിതമാകുന്ന വിവാഹം വേദോക്തങ്ങളായ കർമ്മങ്ങളെ അനുഷ്ഠിക്കുന്നതുകൊണ്ട് ഒരിക്കലും അബദ്ധം പിണയുകയില്ല. ഗൃഹസ്ഥാശ്രമം ദീക്ഷിച്ചു കാലക്രമേണ സന്ന്യാസ്യാശ്രമത്തെ അനുഷ്ഠിക്കുന്നതായാൽ പഞ്ചേന്ദ്രിയങ്ങളേയും മനസ്സിനേയും ജയിക്കാൻ എളുപ്പമായിരിക്കും. തപസ്സനുഷ്ഠിക്കേണ്ടതു വാർദ്ധക്യത്തിലാകുന്നു. നീയോ ചെറുപ്പം. ചെറുപ്പത്തിൽതന്നെ തപസ്സിന്നു പോകുന്നതു നന്നല്ല.

ശുകൻ— ഞാൻ അച്ഛനെ തട്ടുത്തു പറയുന്നുവെന്നു വിചാരിക്കരുത്. എന്റെ അറിവിൽ പെട്ടിടത്തോളം ഗൃഹസ്ഥാശ്രമത്തിൽ ശാശ്വതമായ സുഖം ഇല്ല. ഭാൎയ്യാപുത്രാദികൾ ഉണ്ടാകുമ്പോൾ ധനസമ്പാദനം അത്യാവശ്യമായിത്തീരുന്നു. ധനചിന്തയോടുകൂടി വാഴുന്നവൎക്ക് എന്താണു സുഖമുള്ളത്? നിസ്പൃഹനായി എവിടെനിന്നെങ്കിലും എപ്പോഴെങ്കിലും കിട്ടുന്ന ആഹാരത്താൽ തൃപ്തനായി കാലം കഴിച്ചുകൂട്ടുന്ന ഭിക്ഷുവെപ്പോലെ സുഖം ആൎക്കും ഇല്ല. ലോകസുന്ദരിയായ ലക്ഷ്മീദേവിയെ ലഭിച്ചിട്ടുംകൂടി മഹാവിഷ്ണുവിന്നു സുഖമുണ്ടോ?

ദൈത്യന്മാരോടുയുദ്ധം ചെയ്തഹോ ദുഃഖിക്കയും
അത്യന്ത ഘോരമായ തപസ്സുചെയ്യുകയും
ക്ഷേമം ലോകത്തിനുണ്ടാക്കീടുവാൻ യത്നിക്കയും
ശ്രീമാനാം മഹാവിഷ്ണുചെയ്തുഴലുന്നുവല്ലോ.

ഘോരസംസാരത്തിൽ അച്ഛൻ എന്നെ തള്ളിവിടരുതെന്നു ഞാൻ അപേക്ഷിക്കുന്നു. സംസാരികളായാൽ അന്യാജ്ഞയിൽ ജീവിക്കാതെ കഴികയില്ല. ഏകോദരംഭരന്മാരെപ്പോലെ മററാൎക്കും സ്വാതന്ത്ര്യമുണ്ടാകുമോ?

"അട്ടപോൽ നാരീജനം രുധിരംകുടിക്കുന്ന-
തൊട്ടുമേ മോഹത്തിനാലറിയുന്നില്ലമൂഢൻ
മൈക്കണ്ണീജനം ഭോഗംകൊണ്ടു വീൎയ്യവും കള്ള-
വാക്കിനാലൈശ്വൎയ്യവും മനസ്സും ഹരിക്കുന്നു
പുരുഷൻ തന്റെ സൎവ്വസ്വത്തെയും ഹരിക്കുവാൻ
തരുണീതന്നെപ്പോലെയില്ല മററൊരു ചോരൻ"

എന്നാണല്ലോ ആപ്തവാക്യം.

വ്യാസൻ— ഗൃഹസ്ഥാശ്രമത്തിൽ ഇരുന്നുംകൊണ്ടു മോക്ഷം ലഭിപ്പാൻ തരമില്ലെന്നാണ് നീ പറയുന്നത്. അതു

സാധിക്കുമോ ഇല്ലയോ എന്നു ഞാൻ ദൃഷ്ടാന്തപ്പെടുത്തിത്തരാം. മിഥിലാരാജ്യത്തിൽ ജനകൻ എന്നു പേരായ ഒരു ക്ഷത്രിയഭൂപതിയുണ്ട്. അദ്ദേഹം സംസാരിയുടെ നിലയിൽ ഇരുന്നുംകൊണ്ട് യാതൊരു കർമ്മബന്ധവും ബാധിക്കാതെ രാജ്യഭാരം ചെയ്തുവരുന്നു. നീ അദ്ദേഹത്തെ ചെന്നു കാണുക. നിൻെറ സംശയം മുഴുവനും തീരും.

ശുകബ്രഹ്മമഹർഷിയുടെ വിവാഹം.

താതാകല്പനപ്രകാരം ശുകൻ മിഥിലാരാജ്യത്തിൽ എത്തി. ജനകരാജാവുമായി വളരെനേരം സംഭാഷണം ചെയ്തശേഷം ഗ്രഹസ്ഥാശ്രമം നിന്ദ്യമല്ലെന്നും മോക്ഷലബ്ധിക്കുള്ള എളുപ്പമായ മാർഗ്ഗമാണെന്നും ശുകൻ മനസ്സിലാക്കി. ജനകരാജധാനിയിൽ സ്വല്പദിവസം വസിച്ചശേഷം ശുകൻ താതാന്തികത്തിൽ എത്തി. വ്യാസകൃതമായ പുരാണങ്ങളെ പഠിച്ചും വേദശാസ്ത്രാദ്ധ്യായനം ചെയ്തും ശുകൻ പിതാവോടുകൂടി കുറേക്കാലം താമസിച്ചു. ഒടുവിൽ പീവരിയെന്നു പേരായ ഒരു കന്യകയെ ശുകൻ വിവാഹം ചെയ്തു. കൃഷ്ണൻ, ഗൌരപ്രഭൻ, ഭൂരി, ദേവശ്രുതൻ എന്നിങ്ങിനെ നാലു പുത്രന്മാരും കീർത്തിയെന്നു പേരായ ഒരു പുത്രിയും ശുകസന്താനങ്ങളായി ജനിച്ചു. ശുകബ്രഹ്മമഹർഷി അധികകാലം ഗ്രഹസ്ഥാശ്രമത്തിൽ ഇരുന്നില്ല. സംസാരസുഖത്തിൻെറ അനിത്യതയെ ഓർത്ത് അദ്ദേഹം കൈലാസശൃംഗത്തിൻെറ മുകളിൽ കയറി ബ്രഹ്മധ്യാനത്തിൽ ലയിച്ചു. സമാധിസ്ഥിതനായ ശുകൻെറ ആത്മാവു ക്ഷണഭംഗുരമായ ദേഹത്തെ വെടിഞ്ഞു സഹസ്രസൂൎയ്യപ്രഭയോടുകൂടി പരബ്രഹ്മത്തിൽ ചെന്നുചേൎന്നു. മകൻെറ മരണവൃ

തചാന്തം അറിഞ്ഞപ്പോൾ വേദവ്യാസർ ശോകാബ്ധിയിൽ മുങ്ങി. പുത്രശോകം ഹേതുവാൽ സാധാരണന്മാരെപ്പോലെ "അയ്യോ മകനേ! നീ എവിടെപോയി? എനിക്ക് ആരാണ് അവലംബം? നീ എന്നെ ചതിച്ചുവോ?" എന്നു വിലപിച്ചുംകൊണ്ടു ശോകാൎത്തനായി വേദവ്യാസർ ഭൂമിയിൽ വീണുരുണ്ടു. വേദവിഭാഗകൎത്താവിൻെറ വ്യസനത്തെ ശമിപ്പിക്കാൻ വേണ്ടി കരുണാകരനായ പരമേശ്വരൻ പ്രത്യക്ഷനായി വ്യാസരെ എഴുന്നീല്പിച്ചു സാന്ത്വനവാക്കുകളാൽ സമാധാനപ്പെടുത്തി. "വ്യാസമഹൎഷേ! നിൎമ്മലപരപദം പ്രാപിച്ചതായ ശുകനെ വിചാരിച്ച് എന്തിനു ഖേദിക്കുന്നു. ഭവാൻ ബ്രഹ്മജ്ഞനാണെല്ലോ. ഭവാൻെറ കീൎത്തിയെ പൂൎത്തിയാക്കാൻവേണ്ടി ഭൂലോകജാതനായ ശുകൻ ശാശ്വതശാന്തിയെ പ്രാപിച്ചുകഴിഞ്ഞു. ഭവാൻ ഖേദിക്കേണ്ട" എന്നു പരമശിവൻ അരുളിച്ചെയ്തു. "ജഗല്പതേ! ദക്ഷിണാമൂൎത്തേ! എൻെറ ശോകത്തെ അടക്കുവാൻ സാധിക്കുന്നില്ല. പുത്രമുഖം കണ്ടു തൃപ്തിയാകാത്ത എനിക്കു തിരുവടി ഒരു വരം നൽകണം. എൻെറ പ്രിയപുത്രൻെറ സ്വരൂപം ഞാൻ വിചാരിക്കുമ്പോൾ എല്ലാം എൻെറ പുരോഭാഗത്തിൽ കാണുമാറാകണം. തിരുവടി എൻെറ അഭീഷ്ടത്തെ സഫലമാക്കി എന്നെ അനുഗ്രഹിക്കണം" എന്നു പറഞ്ഞുകൊണ്ടു വ്യാസഭഗവാൻ പരമേശ്വരപാദാരവിന്ദങ്ങളിൽ നമസ്കരിച്ചു. ലോകോപകാരിയായ പുരാണകൎത്താവിൻെറ ഇഷ്ടപ്രകാരം അനുഗ്രഹിച്ചശേഷം ഉമാപതി അപ്രത്യക്ഷനായി.

**മാതൃസന്ദൎശനം.**

വ്യാസർ, ജനിച്ച ഉടനെതന്നെ അച്ഛനമ്മമാരോടു

യാത്രപറഞ്ഞു തപോവനത്തിലേയ്ക്കു പോയതായിരുന്നു. കാലം വളരെ കഴിഞ്ഞു. വേദവിഭാഗത്തിലും പുരാണനിർമ്മാണത്തിലും, ഇതിഹാസരചനയിലും, പുത്രപ്രദമായ തപസ്സിലും സമയത്തെ ചിലവുചെയ്തുകൊണ്ടു കാലക്ഷേപം ചെയ്തിരുന്ന വ്യാസർ സമയം നീങ്ങിയതറിഞ്ഞില്ല. വിനനാഴിക നാഴികയായും, നാഴിക യാമമായും, യാമം ദിനമായും, ദിനം മാസമായും, മാസം വത്സരമായും, വത്സരം ശതാബ്ദമായും, എത്രവേഗത്തിൽ മാറിപ്പോകുന്നു. സംസാരചക്രത്തിൽപെട്ടു കുഴങ്ങിയും, സുഖദുഃഖസമ്മിശ്രമായ ഭോഗങ്ങളെ അനുഭവിച്ചും, ഉദരപൂരണാർത്ഥം അവിടേയും ഇവിടേയും തെണ്ടിത്തിരിഞ്ഞും, ഉദയാസ്തമനസമയങ്ങളെ കണ്ടും, പൊയ്പ്പോയ സമയത്തെ ഒരുകാലത്തും വീണ്ടെടുക്കുവാൻ സാധിക്കുകയില്ലെന്നുള്ള വാസ്തവത്തെ വിസ്മരിച്ചും, ജീവിതം നയിക്കുന്ന നാം വാർദ്ധക്യദശയിൽ എത്തുമ്പോൾ കഴിഞ്ഞുപോയ സമയത്തെപ്പററി ആലോചിക്കുന്നതായാൽ കാലഗതിയുടെ തീവ്രവേഗതയെ ഓർത്തു പരിഭ്രമിച്ചുപോകും. പുത്രശോകം ഹേതുവാൽ പരിതപ്തമായ ഹൃദയത്തെ ശീതളീകരിക്കാൻ വ്യാസഭഗവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം തന്റെ ജനനിയെ ഓർത്ത് "ഹാ കഷ്ടം! ഞാൻ എന്റെ മാതാവിനെ കണ്ടിട്ട് എത്ര ദിവസമായി. പുത്രസൌഖ്യം എന്റെ മനോദർപ്പണത്തിൽ സദാകാലവും പതിഞ്ഞുകിടക്കത്തക്കവണ്ണം വരം ലഭിച്ചിട്ടുംകൂടി ഞാൻ തൃപ്തനാകുന്നില്ല. ഞാൻ ഭൂജാതനായ സമയത്തുമാത്രം എന്നെ ഒരു നോക്കുകണ്ടിട്ടുള്ള എന്റെ പ്രിയ ജനനി എന്നെ ഓക്കുന്നുണ്ടായിരിക്കും. ഞാൻ അവരെ ഉടനെചെന്നുകാണേണ്ടത് എന്റെ മുറയാകുന്നു.

ഇതുവരെ ഉപേക്ഷയായി കാലംകഴിച്ചതുശരിയല്ല' എന്നു ചിന്തിച്ചുകൊണ്ടു വേദവ്യാസർ തന്റെ ജന്മഭൂമിയായ കൃഷ്ണദ്വീപിൽ എത്തി. ദാശരാജാവിനെക്കണ്ടു തന്റെ മാതാവ് എവിടെയാണെന്നന്വേഷിച്ചു. ചന്ദ്രവംശജാതനായ ശന്തനുമഹാരാജാവ് വ്യാസമാതാവിനെ വിവാഹംചെയ്തു ഹസ്തിനപുരത്തിലേയ്ക്കു കൊണ്ടുപോയി താമസിപ്പിച്ചു തുടങ്ങിട്ട് എത്രയോ കാലം കഴിഞ്ഞിരുന്നു. "ശന്തനുമഹാരാജാവ് നായാട്ടിന്നു വന്നിരുന്ന കാലം സത്യവതിയെ കണ്ടുമുട്ടുകയും അവളുടെ രൂപലാവണ്യാകൃഷ്ടനായി അവളെ വിവാഹം ചെയ്യുകിട്ടേണമെന്നപേക്ഷിക്കുകയുംചെയ്തു. അപേക്ഷിച്ച കാലത്തു ശന്തനു മഹാരാജാവിന്ന് അതിപരാക്രമശാലിയും ധീരോദാത്തനും ആയ ഒരു പുത്രനുണ്ടായിരുന്നു. ഭീഷ്മരായിരുന്നു ആ പുത്രൻ. സത്യവതിയിൽ ജനിക്കുന്ന പുത്രന്നു രാജ്യം കൊടുക്കാമെന്നു പ്രതിജ്ഞ ചെയ്യുന്നതായാൽ സത്യവതിയെ കന്യകാദാനം ചെയ്തുകൊടുക്കാമെന്നു ഞാൻ വാഗ്ദത്തം ചെയ്യും. സത്യവതിയിൽ ജനിക്കുന്ന പുത്രനെ മഹാരാജാവായി വാഴിക്കുന്നതായാൽ സകലഗുണസമ്പൂർണ്ണനായ ഭീഷ്മർക്ക് അതൃപ്തിയുണ്ടാകുമെന്നു കരുതി ശന്തനുമഹാരാജാവ് ഞാൻ ആവശ്യപ്പെട്ടപ്രകാരം പ്രതിജ്ഞചെയ്തില്ല. എങ്കിലും, ശന്തനുമഹാരാജാവു സ്മരപരവശനായി സത്യവതിയെ ഓർത്തുംകൊണ്ടു ക്രമമായ സ്നാനഭോജനാദികളില്ലാതെ ചിന്താമഗ്നനായി രാജധാനിയിൽതന്നേ കാലം കഴിച്ചുകൂട്ടി. അച്ഛന്റെ മനോരാജ്യത്തെപ്പററി ഭീഷ്മർക്കു അറിവു കിട്ടിയ ഉടനെ അദ്ദേഹം തനിക്കു രാജ്യം വേണ്ടെന്നും സത്യവതിയിൽ ഉണ്ടാവുന്ന പുത്രന്നു രാജ്യം കൊടുക്കാമെന്നും പ്രതിജ്ഞചെയ്തു.

പ്രതിജ്ഞയ്ക്കുശേഷം സത്യവതിയെ ശന്തനുമഹാരാജാവു വിവാഹം ചെയ്തു. ഭീഷ്മപ്രതിജ്ഞമൂലം ഭീഷ്മർ ദേവവ്രതൻ എന്ന നാമധേയത്തിൽ പ്രഖ്യാതനായി. സത്യവതിക്കു രണ്ടു പുത്രന്മാർ ജനിച്ചു. മൂത്ത പുത്രനു ചിത്രാംഗദൻ എന്നും ഇളയവനു വിചിത്രവീര്യൻ എന്നും പേർ. ചിത്രാംഗദൻ അതേനാമധേയത്തിലുള്ള ഒരു ഗന്ധർവ്വനുമായി യുദ്ധംചെയ്തു സമരാങ്കണത്തിൽ മരിച്ചു. രണ്ടാമത്തെ പുത്രനായ വിചിത്രവീര്യൻ രാജയക്ഷ്മാവു പിടിപ്പെട്ടു മരിച്ചു. പുത്രശോകം ഹേതുവാൽ സത്യവതി വളരെ വ്യാകുലപ്പെട്ടുംകൊണ്ടിരിക്കയാണ്. ഇപ്രകാരമാണു നിന്തിരുവടിയുടെ അമ്മയുടെ ചരിത്രം. അമ്മയെ ചെന്നുകണ്ട് അവരുടെ വ്യസനശാന്തി ചെയ്വാൻ നിന്തിരുവടി ഇവിടെ എഴുന്നെള്ളിയത് എൻേറയും സത്യവതിയുടേയും ഭാഗ്യം എന്നേ പറയേണ്ടു" എന്നിപ്രകാരം ദാശരാജാവ് അറിയിച്ചപ്പോൾ വേദവ്യാസർ ഒട്ടും കാലതാമസമെന്നിയേ ഹസ്തിനപുരത്തിലേയ്ക്കു യാത്രയായി. വളരെക്കാലമായി വേർപിരിഞ്ഞുപോയിരുന്ന ജനനിയും പുത്രനും തമ്മിൽ കണ്ടുമുട്ടി. സത്യവതിക്കുണ്ടായ സന്തോഷത്തിന്നളവില്ല. ഒന്നോ രണ്ടോ സംവത്സരകാലം ദൂരദിക്കിൽ വിദ്യാഭ്യാസാർത്ഥം പോയിത്താമസിക്കുന്ന വിദ്യാർത്ഥി മടങ്ങിവരുമ്പോൾ അവൻെറ ജനനി എത്ര ആദരവോടുകൂടി മകനെ എതിരേല്ക്കുന്നു എന്നു നോക്കുക. ജനനിയുടെ നയനങ്ങളിൽനിന്നു സന്തോഷാശ്രു പൊഴിയുന്നു. രുചികരമായ ഭക്ഷ്യങ്ങളേയും പാനീയങ്ങളേയും തയ്യാറാക്കി മകനെ സന്തുഷ്ടയായ ആ ജനനി ഉപചരിക്കുന്നു. മകൻെറ ദേഹസ്ഥിതിയെപ്പററി തുടരെത്തുടരെ ചോദ്യം ചെയ്യുന്നു. അല്പ

കാലത്തേയ്ക്കു മാത്രം വേർപിരഞ്ഞിട്ടുള്ള പുത്രനെ കാണു മ്പോൾ ഒരു ജനയിത്രി ഇത്രയെല്ലാം ആദരിക്കുന്നതായാൽ അനേക സംവത്സരങ്ങളായി തന്റെ പ്രിയപുത്രനെ വിട്ടു പിരിഞ്ഞിട്ടുള്ള ഒരു സ്ത്രീയുടെ സന്തോഷം എത്രയായിരി ക്കും എന്നു് എങ്ങിനെ വർണ്ണിക്കും? വ്യാസഭഗവാൻ ജന നിയുടെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ച പ്പോൾ സത്യവതി മകനെ എഴുനില്പിച്ചു മാറോടണച്ചു മൂ ദ്ധാവിൽ ചുംബിച്ചു സന്തോഷാശ്രുക്കളാൽ മകനെ കുളി പ്പിച്ചു. അന്യോന്യം കുശലപ്രശ്നങ്ങൾ കഴിച്ചശേഷം സ ത്യവതി ഹസ്തിനപുരത്തിലെ താൽക്കാലിക സ്ഥിതിയെപ്പ റ്റി വ്യാസഭഗവാനോടു പറഞ്ഞുതുടങ്ങി.

...VILASAM REA...

മാതൃശാസനാനുഷ്ഠാനം.

ശന്തനുമഹാരാജാവിന്റെ പുത്രന്മാരായ ചിത്രാംഗദ നും വിചിത്രവീര്യനും സന്തതിയില്ലാതെയാണു മരിച്ചതു്. വംശനാശം വരുമെല്ലോ എന്നുള്ള ഭീതിയാൽ രാജ്ഞിയായ സത്യവതിയുടെ ഹൃദയം തപിച്ചു. വംശാഭിവൃദ്ധിക്കായി വിവാഹം ചെയ്യണമെന്നു ഭീഷ്മരോടു സത്യവതി പറഞ്ഞ പ്പോൾ മരണപര്യന്തം താൻ ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ചു കൊള്ളാം എന്നുള്ള പ്രതിജ്ഞയെ ലംഘനം ചെയ്കയില്ലെ ന്നു ഭീഷ്മർ ഉറപ്പിച്ചു പറഞ്ഞു. വിചിത്രവീര്യന്റെ പത്നി കളായ അംബികയിലും അംബാലികയിലും വിശിഷ്ട ബ്രാ ഹ്മണരെക്കൊണ്ടു പുത്രോല്പാദനം ചെയ്യിക്കുന്നതിന്നു വി രോധമില്ലെന്നും വേദജ്ഞനും വിശാലഹൃദയനും ആയ വേ ദവ്യാസരെക്കൊണ്ടു പുത്രോല്പാദനം ചെയ്യിക്കുന്നതു ഉത്ത

മമായിരിക്കും എന്നും, വംശനാശത്തെ തടുക്കുവാൻവേണ്ടി ക്ഷത്രിയസ്ത്രീകളിൽ ബ്രാഹ്മണരെക്കൊണ്ടു പുത്രോല്പാദനം ചെയ്യിക്കാമെന്നു ശാസ്ത്രങ്ങൾ വിധിച്ചിട്ടുണ്ടെന്നും, ഭീഷ്മർ സത്യവതിയെ ധരിപ്പിച്ചു. ഭീഷ്മർ പറഞ്ഞപ്രകാരം തന്റെ പുത്രനെക്കൊണ്ടു വിചിത്രവീര്യപത്നികളിൽ സന്താനോല്പാദനം ചെയ്യിക്കാമെന്നു കരുതി സത്യവതി തന്റെ അഭിപ്രായത്തെ മകനെ അറിയിച്ചു. വേദവ്യാസർ മാതൃശാസനത്തെ അനുഷ്ഠിക്കാമെന്നു സമ്മതിച്ചു. രാജപത്നികളുടെ ചിത്തവൃത്തിയെ പരിശോധിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടി വേദവ്യാസർ വികൃതവേഷധാരിയായി വിചിത്രവീര്യന്റെ വിധവകളെ പ്രാപിച്ചു. അംബിക കണ്ണടച്ചുകൊണ്ടും അംബാലിക ദേഹത്തെ മുഴുവനും പുതച്ചു മൂടിക്കൊണ്ടും ഋഷീന്ദ്രനെ ആലിംഗനം ചെയ്തു. കണ്ണടച്ചു പുൽകിയവളുടെ പുത്രൻ അന്ധനായും പുതച്ചു മൂടിപ്പുൽകിയവളുടെ പുത്രൻ 'പാണ്ഡനായിട്ടും' ജനിച്ചു. അന്ധനായ രാജപുത്രൻ ധൃതരാഷ്ട്രനും പാണ്ഡനായ രാജകുമാരൻ പാണ്ഡവപിതാവായ പാണ്ഡുഭൂപതിയും ആകുന്നു. വ്യാസനാൽ ഉല്പാദിതന്മാരായ പുത്രരിൽ ഒരുവൻ അന്ധനായും, മററവൻ പാണ്ഡനായും, ഭവിച്ചതുകൊണ്ടു വ്യസനഗ്രസ്തയായ സത്യവതി അംബികയെ വീണ്ടും വ്യാസസന്നിധിയിൽ പറഞ്ഞയച്ചു. വികൃതവേഷനായ താടിക്കാരനെ ഒരു തവണ ആലിംഗനം ചെയ്തതുകൊണ്ടുതന്നെ അംബികയ്ക്കു വെറുപ്പുതോന്നിയിരുന്നു. അതുകൊണ്ട് അവൾ തന്റെ ദാസിയെ തനിക്കുപകരം വ്യാസരോടു കൂടിയിരിപ്പാൻ നിയോഗിച്ചു.

കാമശാസ്ത്രത്തിലതിസമത്ഥയായദാസി-
മാമുനീന്ദ്രനേസ്സന്തോഷിപ്പിച്ചനിമിത്തമായ്
നിമ്മലചിത്തൻ സത്യവാനായ വിദുരനും
ധമ്മരാജാംശംകൊണ്ടു ജനിച്ചാനതു നേരം.

ഈ പ്രകാരം മാതൃശാസനത്തെ നിവ്വഹിച്ചശേഷം വേദ വ്യാസർ അമ്മയോടു യാത്രപറഞ്ഞു തപോവനത്തിലേയ്ക്കു പുറപ്പെട്ടു.

പരസ്ത്രീപരിഗ്രഹണം.

അംബികയേയും അംബാലികയേയും ദാസിയേയും വ്യാസഭഗവാൻ പരിഗ്രഹിച്ചതു ധമ്മമാണോ എന്നു സാധാരണന്മാർ ചോദിക്കുമായിരിക്കാം. ലൌകികദൃഷ്ട്യാ നോക്കുന്നതായാൽ വ്യാസരുടെ പരസ്ത്രീപരിഗ്രഹണം നിന്ദ്യമാണെന്നു തോന്നുകയേ ഉള്ളു. വ്യാസരുടെ തപശ്ശക്തിയേയും അമാനുഷതപത്തേയും ആലോചിക്കുന്നതായാൽ അദ്ദേഹം ചെയ്തിട്ടുള്ള പരസ്ത്രീപരിഗ്രഹണം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നിന്ദ്യമല്ലെന്നു വിശദമാകും. മഹാന്മാരുടെ കൃത്യങ്ങൾ ഉചിതമോ അനുചിതമോ എന്നു നിണ്ണയിക്കുവാൻ മനുഷ്യബുദ്ധിക്കു സാമത്ഥ്യം പോരാ. ജനനം മുതൽ മരണപയ്യന്തം മനുഷ്യനിയമങ്ങളേയും പ്രകൃതിനിബന്ധനകളേയും അനുസരിച്ചു വളരുന്ന കൂട്ടക്കല്ലാതെ മാനുഷികനിബന്ധനകൾ ബാധിക്കുകയില്ല. വേദവ്യാസരുടെ ജനനംതന്നെ ഒരു കന്യകയിലാണ്. കന്യകമാർ പ്രസവിക്കുമോ? വ്യാസർ പത്തുമാസം ഗഭപാത്രത്തിൽ കിടന്നിട്ടില്ല. പത്തുമാസം ജനനിയുടെ ഗഭപാത്രത്തിൽ കിടക്കാതെ ശിശുക്കൾ ജനിക്കുമോ? കൃഷ്ണദ്വൈപായനൻ സ്തന്യപാനംചെയ്തു ക്രമേണ

SRI KRISHNA ... LIBRARY

വളൎന്നവനല്ല. ജനിച്ചപ്പോഠംതന്നെ പതിനാറു വയസ്സു തികഞ്ഞവനായിരുന്നു. അമ്മയുടെ മുലപ്പാൽ കുടിക്കാതേയും ശൈശവദശയെ അനുഭവിച്ചു ക്രമേണ യൌവ്വനദശയിൽ പ്രവേശിക്കാതേയും വളൎന്ന കൂട്ടർ മനുഷ്യസംഘത്തിൽ ഉണ്ടോ ? പ്രകൃതിനിയമങ്ങളെ അതിലംഘിക്കാനും അമാനുഷികമായ ധീരകൃത്യങ്ങളെ നിൎവ്വഹിക്കാനും പ്രാപ്തിയുള്ള മഹാന്മാരുടെ പ്രവൃത്തികളെ മനുഷ്യനിയമങ്ങളേയും സമ്പ്രദായങ്ങളേയും അടിസ്ഥാനപ്പെടുത്തി വ്യവഹരിക്കുന്നത് അബദ്ധമാകുന്നു. തന്നോട് അനുരാഗമില്ലാതെ കണ്ണടച്ച് ആലിംഗനംചെയ്യു അംബാലികയുടെ പുത്രനെ അന്ധനായി ജനിപ്പിക്കുവാനും പുതച്ചുമൂടി ആശ്ലേഷംചെയ്യു അംബികയുടെ പുത്രനെ പാണ്ഡനാക്കിത്തീൎക്കുവാനും വേദവ്യാസക്കു സാമൎത്ഥ്യമുണ്ടായിരുന്നതുതന്നെ അദ്ദേഹത്തിൻെറ മനോദാൎഢ്യതയെ പ്രത്യക്ഷീകരിക്കുന്നു. ശ്രീകൃഷ്ണഭഗവാൻ പതിനാറായിരത്തിൽപരം സ്ത്രീകളെ പരിഗ്രഹിച്ചിട്ടും നിത്യബ്രഹ്മചാരിയായി വൎത്തിച്ചു. ശങ്കരാചാൎയ്യർ പരകായപ്രവേശംചെയ്ത് അമരുകൻെറ ഭാൎയ്യകളുമായി ക്രീഡചെയ്തു കാമശാസ്ത്രം അഭ്യസിച്ചു. യേശുക്രിസ്തു തൻെറ ശിഷ്യനെ വെള്ളത്തിന്മേൽ നടത്തിച്ചു. ബുദ്ധൻ തൻെറ നേരെ ഓടിവരുന്ന മത്തവാരണത്തെ സൂക്ഷ്മനാക്കി നിൎത്തിച്ചു. മനുഷ്യസാദ്ധ്യമല്ലാത്ത പ്രവൃത്തികളെ മഹാന്മാർ ചെയ്യും. അതിമാനുഷന്മാരുടെ കൃത്യങ്ങഠം അവരെ മാത്രമേ സംബന്ധിക്കുകയുള്ളൂ. അവരുടെ ചരിത്രത്തിൽനിന്നു സന്മാൎഗ്ഗോപയുക്തങ്ങളും മനുഷ്യസാദ്ധ്യങ്ങളും ആയ നിദൎശനങ്ങളെ കൈക്കൊള്ളുവാൻ മാത്രമേ മനുഷ്യൎക്ക് അധികാരമുള്ളൂ. പിതൃശാസ

നത്തെ അടിസ്ഥാനപ്പെടുത്തി പരശുരാമൻ മാതൃസംഹാരം ചെയ്തു. ദശരഥകല്പനയെ അനുസരിച്ച ശ്രീരാമൻ വനവാസം ചെയ്തു. "മാതൃദേവോഭവ പിതൃദേവോഭവ" എന്നുള്ള ശ്രുതിവാക്യത്തെ വേദവിഭാഗം ചെയ്ത പുണ്യപുരുഷൻ എങ്ങിനെ അംഗീകരിക്കാതിരിക്കും? വിചിത്രവീര്യപത്നികളിൽ പ്രജോല്പാദനം ചെയ്തു വംശസ്ഥാപനം ചെയ്യണമെന്നായിരുന്നു സത്യവതിയുടെ ശാസന. മാതൃശാസനയെ അനുഷ്ഠിക്കാൻവേണ്ടി വേദവ്യാസർ പരസ്ത്രീഗമനം ചെയ്തുവെന്നല്ലാതെ കാമപാരവശ്യംകൊണ്ടോ വിടത്വംകൊണ്ടോ സഹോദരപത്നികളെ പ്രാപിച്ചതല്ല. മാതൃശാസനയെ അടിസ്ഥാനപ്പെടുത്തി ആരംഭിച്ചതായ പരസ്ത്രീഗമനം ആവർത്തിച്ചു കണ്ടിരുന്നുവെങ്കിൽ വ്യാസരെ കുററപ്പെടുത്താമായിരുന്നു. അംബികയേയും അംബാലികയേയും ദാസിയേയും ഒരേ ഒരു പ്രാവശ്യം സന്താനലബ്ധിയ്ക്കായി വേദവ്യാസർ പ്രാപിച്ചതല്ലാതെ പിന്നീട് അവരെ സ്മരപാരവശ്യത്തോടുകൂടി ഒരിക്കലും സ്മരിച്ചിട്ടില്ല. പച്ചക്കാമദേവൻെറ വേഷം ധരിച്ച വേദവ്യാസർ അംബികാപ്രഭൃതികളെ അനുഗമിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ പേരിൽ വ്യഭിചാരദോഷം ആരോപിക്കാമായിരുന്നു. വികൃതവേഷധാരിയായിട്ടാണ് വ്യാസർ സ്ത്രീകളുടെ അറയിൽ പ്രവേശിച്ചത്. ഇതെല്ലാം ആലോചിച്ചു നോക്കിയാൽ വ്യാസരെ വ്യഭിചാരകുററത്തിന്നു "ചാർജ്ജു" ചെയ്വാൻ സാധിക്കുകയില്ല.

ഭ്രൂണശമനം.

മാതൃകല്പനയനുസരിച്ചു ചന്ദ്രവംശവർദ്ധനയ്ക്കായി രാജകുമാരന്മാരെ ഉല്പാദിപ്പിച്ചശേഷം വേദവ്യാസർ അമ്മ

യെ നമസ്കരിച്ച് അനുഗ്രഹം വാങ്ങി 'വിചാരിക്കുമ്പോൾ വന്നുകൊള്ളാമെന്നു' വാഗ്ദത്തംചെയ്തു തപോവനത്തിലേക്കു പുറപ്പെട്ടു. കംസവധത്തിന്നായി മഹാവിഷ്ണു ദേവകീഗർഭത്തിൽ ജനിക്കുമെന്നും, കംസവധാനന്തരം ഭൂഭാരത്തെ ശമിപ്പിക്കാൻ ദുഷ്ടനിഗ്രഹണം ചെയ്യുമെന്നും, ദുര്യോധനാദികളേയും മററുള്ള ദുഷ്ടരേയും ഭാരതയുദ്ധമെന്നുള്ള ഒഴികഴിവും പറഞ്ഞു പാൎത്ഥസാരഥിയായി ചമ്മട്ടിയേന്തി സ്വായുധത്തെ സ്പൎശിക്കാതെതന്നെ ഭൂഭാരശമനംചെയ്യുമെന്നും, അതിനുവേണ്ടി പാണ്ഡവന്മാരെ സജ്ജീകരിക്കാൻ താൻ പരാശക്തിയാൽ നിയുക്തനായിരിക്കുന്നുവെന്നും, വിഷ്ണുവിൻെറ അംശമായ വ്യാസഭഗവാന്ന് അറിവുണ്ടായിരുന്നു. ഭാരതമഹായുദ്ധത്തിന്നു വേണ്ടപ്പെട്ട ഒരുക്കങ്ങൾ വ്യാസഭഗവാൻ തപോവനത്തിൽനിന്നുതന്നെ ചെയ്തുതുടങ്ങി. അരക്കില്ലത്തിൽനിന്നു പാണ്ഡവർ ഒരുവിധം രക്ഷപ്പെട്ടു ഹിഡിംബവനത്തിൽ എത്തിച്ചേൎന്ന സമയം ഹിഡിംബി ഭീമസേനനെ കാമിച്ച് അദ്ദേഹത്തോടു തന്നെ ഭാൎയ്യയായി സ്വീകരിക്കേണമെന്നപേക്ഷിച്ചു. ഹിഡിംബിയെ സ്വീകരിക്കേണമോ വേണ്ടയോ എന്നു ശങ്കിച്ചു ഭീമസേനൻ ഒന്നും മറുപടിപറയാതെ കുറേനേരം മൌനം ദീക്ഷിച്ചു. ബ്രഹ്മധ്യാനത്തിൽ മനസ്സാച്ചു കണ്ണുകളടച്ചു തപസ്സുചെയ്തുകൊണ്ടിരുന്ന വേദവ്യാസർ ഹിഡിംബിഭീമസേനസംഭാഷണത്തെ ദിവ്യചക്ഷുഷാ ഗ്രഹിച്ചു. ഭാരതമഹായുദ്ധത്തിൽ പാണ്ഡവരെ സഹായിക്കാൻ ഒരു ശക്തിമാൻ ഹിഡിംബിയിൽ ഭീമസേനപുത്രനായി ജനിക്കുമെന്നു വേദവ്യാസർ തീൎച്ചപ്പെടുത്തി അരനിമിഷത്തിന്നുള്ളിൽ ഭീമസേനൻെറ മുമ്പാകെ പ്രത്യക്ഷനായി.

"ഖേദിക്കവേണ്ട നിങ്ങൾ നല്ലുവരും മേലിൽ
ഖേദിപ്പിച്ചീടവേണ്ട ഹിഡിംബി തന്നെക്കൊണ്ടും
ആപത്തു വരുംകാലം താപത്തിൽ മുഴുകായ്ക
പാപത്തെക്കളവാനായിശ്വരസേവചെയ്ക.
സമ്പത്തുവരുംകാലം സന്തോഷിക്കയും വേണ്ടാ
തമ്പുരാൻ തന്റെയൊരു ലീലകളത്രയല്ലോ"

എന്നു പറഞ്ഞു വേദവ്യാസർ പാണ്ഡവരുടെ സങ്കടത്തെ ശമിപ്പിച്ചു ഭീമസേനനെക്കൊണ്ടു ഹിഡിംബിയെ വിവാഹം ചെയ്യിപ്പിച്ചു. ഭീമസേനപുത്രനായി ഘടോൽക്കചൻ ജാതനായി. ഘടോൽക്കചനെക്കൊണ്ടു ഭാരതയുദ്ധത്തിൽ പാണ്ഡവക്കു ഗണ്യമായ സഹായം ഉണ്ടായി. കൌരവന്മാരുടെ അനവധി സൈന്യങ്ങളേയും ചില സേനാനായകന്മാരേയും ഘടോൽക്കചൻ കൊന്നൊടുക്കി. ഘടോൽക്കചന്റെ പ്രതാപത്തെ വേദവ്യാസർ മുൻകൂട്ടി കണക്കാക്കിവെച്ചിരുന്നുവെന്നു ഹിഡിംബവനത്തിൽ ഭീമസേനന്റെ മുമ്പാകെ പ്രത്യക്ഷനായ വ്യാസരുടെ ഉപദേശം വ്യക്തമാക്കുന്നു. അതിന്നുശേഷം വ്യാസർ തപോവനത്തിൽനിന്നു പുറത്തിറങ്ങിയതു പാഞ്ചാലീസ്വയംവരസമയത്തിലാണ്. പാഞ്ചാലരാജാവു തന്റെ പുത്രിയെ യുധിഷ്ഠിരാദിയായ അഞ്ചു സഹോദരന്മാക്കുംകൂടി എങ്ങിനെ കൊടുക്കേണ്ടുവെന്ന് ആലോചിച്ചുകൊണ്ടിരിക്കുന്ന സമയത്തിലായിരുന്നു വേദവ്യാസർ പാഞ്ചാലരാജധാനിയിൽ വന്നുചേന്നത്. യന്ത്രഭേദനംചെയ്യു വീരപുരുഷന്നു പാഞ്ചാലിയെ കൊടുക്കാമെന്നായിരുന്നു പാഞ്ചാലരാജാവിന്റെ പ്രതിജ്ഞ. പാണ്ഡവന്മാർ അരക്കില്ലത്തിൽ വെന്തുപോയെന്നുള്ള വത്തമാനം കേട്ടപ്പോഴായി

രുന്ന അജ്ജുനന്നു കൊടുക്കാൻവേണ്ടി ഉല്പാദിപ്പിച്ച യാജ്ഞസേനിയെ യന്ത്രഭേദനം ചെയ്യുന്ന വീരപുരുഷന്നു കൊടുക്കാമെന്നു പാഞ്ചാലരാജാവു തീച്ചയാക്കിയത്.

"ഒരുത്തന്നനേകം ഭാര്യമാർകളെയുണ്ടാക്കിടാ-
മൊരുത്തിക്കനേകം ഭത്താക്കന്മാരരുതെല്ലോ
വേദത്തിൽ വിധിച്ചതു തന്നെയല്ലെന്നാകിലും
ലോകക്ക കേട്ടാൽ മതമായിരിക്കേണമെല്ലോ"

എന്നോത്തു പാഞ്ചാലരാജാവു വിഷണ്ഡനായിരിക്കുമ്പോൾ പാഞ്ചാലിയുടേയും പാണ്ഡവന്മാരുടേയും പൂവ്വചരിത്രത്തെ വിസ്തരിച്ചു പാഞ്ചാലീസ്വയംവരത്തെ പരിപൂണ്ണമാക്കിത്തീത്തതു വേദവ്യാസരായിരുന്നു. വ്യാസർ പറഞ്ഞു:— "പാഞ്ചാലമഹാരാജാവേ! താങ്കളുടെ പുത്രി പൂവ്വജന്മത്തിൽ നാളായണിയായിരുന്നു. വൃദ്ധനും കോപശീലനും ആയ മൌൽഗല്യൻ നാളായണിയെ പാണിഗ്രഹണം ചെയ്തു. എത്രതന്നെ ശുശ്രൂഷിച്ചാലും തൃപ്തനാകാത്ത മൌൽഗല്യൻ തൻെറ ഭായ്യയോടു കൊള്ളിവാക്കല്ലാതെ പറയുകയില്ല. അദ്ദേഹം എപ്പോഴും അസന്തുഷ്ടനായി കാണപ്പെടുകയേയുള്ളു. ഈ ദുൎഗ്ഗുണങ്ങളൊന്നും പോരയോ എന്നു തോന്നുമാറ് അദ്ദേഹത്തിന്നു കുഷ്ഠരോഗവും പിടിപെട്ടു. മൌൽഗല്യൻ ഒരു ദിവസം ഭക്ഷണം കഴിക്കുമ്പോൾ ഭോജനപാത്രത്തിൽ അദ്ദേഹത്തിൻെറ ഒരു വിരൽ ചീഞ്ഞു മുറിഞ്ഞുവീണു. ഭത്തൃശുശ്രൂഷയിൽ അണുവെങ്കിലും ഉപേക്ഷ കാണിക്കാതെ പരിചയ്യ ചെയ്തുപോന്നിരുന്ന നാളായണി ഭത്താവിൻെറ ഉച്ഛിഷ്ടം ഭുജിക്കുമ്പോൾ ചീഞ്ഞു വീണിരുന്ന അംഗുലിഖണ്ഡത്തെ ക്കൂടി "അറപ്പു"കൂടാതെ ഇലയുടെ ഒരു ഭാഗത്തിൽ എടു

ത്തുവെച്ച് ഭോജനം കഴിച്ചു. ഈ സംഭവത്തെ നോക്കി കൊണ്ടിരുന്ന മൌൽഗല്യൻ പ്രീതനായി നാളായണി യോടു "നിൻെറ ഭർതൃശുശ്രൂഷയാൽ ഞാൻ സന്തുഷ്ടനാ യിരിക്കുന്നു. നിനക്ക് ആഗ്രഹമുള്ള വരം ഞാൻ തരാം" എന്നു പറഞ്ഞു. "ഭർത്താരം ദേഹി"യെന്നു നാളായണി അഞ്ചു പ്രാവശ്യം അപേക്ഷിച്ചു. ആ നാളായണിയാണു താങ്കളുടെ പുത്രിയായ പാഞ്ചാലി.

"ഭർത്താരം ദേഹീതിഭൂയോ ഭൂയോ ഭൂയോ മുദാ
സത്വരമത്യാഗ്രഹാലഞ്ചുരു പ്രാർത്ഥിക്കയാൽ
ഭർത്താക്കന്മാരഞ്ചുപേരുണ്ടാവാനവകാശം
ഭദ്രേ വന്നീടുമതിനേതുമേ ദോഷമില്ല"

എന്നായിരുന്നു ഭാര്യയ്ക്കു മൌൽഗല്യൻ കൊടുത്ത വരം. വരപ്രസാദം ഹേതുവാൽ നാളായണി പാഞ്ചാലിയായി ജനിച്ചു. അതുകൊണ്ടു പഞ്ചപാണ്ഡവന്മാക്ക് ഒന്നായി പാഞ്ചാലിയെ കൊടുക്കുന്നതിന്നു വിരോധമില്ല." എന്നി പ്രകാരം പറഞ്ഞു വേദവ്യാസർ പാഞ്ചാലരാജാവിനെ ക്കൊണ്ടു പുത്രിയെ പാണ്ഡവക്കു കൊടുപ്പിച്ചു. ദ്രൌപദീ വസ്ത്രാപഹരണത്തിന്നും തന്മൂലം പാണ്ഡവകൌരവന്മാ ക്കു തമ്മിൽ വിരോധത്തിന്നും കാരണഭൂതനായി വിത്തു കു ത്തിയിട്ടതു വേദവ്യാസമഹർഷിയായിരുന്നു. ഭാരതമഹായു ദ്ധത്തെ പാഞ്ചാലീസ്വയംവരത്തോടുകൂടി വേദവ്യാസർ പ്രതീക്ഷിച്ചുകഴിഞ്ഞിരുന്നു.

ഭഗവദ്ഗീത,

വേദവ്യാസരുടെ പരോപകാരബുദ്ധിയുടെ മാഹാ ത്മ്യം വെളിപ്പെട്ടനാതു വേദവിഭാഗത്തിലല്ല. പുരാണങ്ങ ളിലല്ല. ഇതിഹാസങ്ങളിലും അല്ല. ഭാരതാന്തൎഗ്ഗതമായ ഭ

ഗവദ്ഗീതയിലാകുന്നു വേദവ്യാസരുടെ മാഹാത്മ്യം കാണുന്നത്. അൎജ്ജുനനെ ഗീതോപദേശം ചെയ്ത ശ്രീകൃഷ്ണഭഗവാൻ യുദ്ധസന്നദ്ധനാക്കിത്തീൎത്തുവെങ്കിലും, ഭാരതമഹായുദ്ധംകൊണ്ട് ഇന്നത്തെ ആളുകൾക്കു ഗണ്യമായ പ്രയോജനം ഒന്നും സിദ്ധിച്ചിട്ടില്ല. ശ്രീകൃഷ്ണസ്വാമി ഉപനിഷദ്വാക്യങ്ങളെ ലളിതമായ ഗീൎവ്വാണഭാഷയിൽ ഒതുക്കി ഗീതാരൂപമായി ഉപദേശം ചെയ്തതിനെ നമുക്കെല്ലാം അറിവു തന്നതു വേദവ്യാസരാകുന്നു. ഏതു മതക്കാൎക്കും രുചിക്കത്തക്കവണ്ണമുള്ള ഭക്തിയോഗം ഗീതയിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. കൎമ്മയോഗം സന്ന്യാസയോഗം മുതലായ പ്രൌഢവിഷയങ്ങളെ ഗീതയിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ മററൊരു ഗ്രന്ഥങ്ങളിലും വിവരിച്ചിട്ടില്ല. ശ്രീകൃഷ്ണഭഗവാൻ അൎജ്ജുനനോടുപദേശിച്ചിട്ടുള്ള വാക്യങ്ങളെ വേദവ്യാസർ പകൎത്തിയെഴുതിയതൊ അല്ല, സാരാംശത്തെ ഗ്രഹിച്ചു സ്വയംകൃതിയായി ഗീതയെ നിൎമ്മിച്ചതൊ എന്നുള്ള സന്ദേഹം നമുക്കുണ്ടാകാം. പദ്യരൂപമായി നാം സംസാരിക്കാറില്ല. ശ്രീകൃഷ്ണഭഗവാൻ അൎജ്ജുനനു ഗീത ഉപദേശിച്ചിട്ടുണ്ടെങ്കിൽ അതു ഗദ്യരൂപത്തിലായിരിക്കും. യുദ്ധകളത്തിൽവെച്ചു ശ്ലോകം നിൎമ്മിക്കുവാനും ശ്ലോകരൂപമായി അൎജ്ജുനനെ ഉപദേശിക്കുവാനും ശ്രീകൃഷ്ണനു സമയം മതിയാകുമോ? വ്യാസമുനി ഗീതോപദേശത്തെ കേട്ടുകൊണ്ടിരുന്നുവെങ്കിൽ പതിനെട്ടദ്ധ്യായങ്ങളുള്ള ഗീതയെ ഓൎമ്മയിൽ വെക്കാൻ സാധിക്കുമോ? ഇപ്രകാരമുള്ള സംശയങ്ങളെ അടിസ്ഥാനപ്പെടുത്തി ഭഗവദ്ഗീത വേദവ്യാസരുടെ സ്വയംകൃതിയാണെന്നു സമൎത്ഥിക്കുന്നവർ ഉണ്ട്. ശ്രീകൃഷ്ണഭഗവാൻ പദ്യരൂപമായി ഗീതോപദേശം ചെ

യ്യാൻ പ്രാപ്തനല്ലെന്നു വിചാരിക്കുവാൻ തരമില്ല. ബാലനായി തൊട്ടിലിൽ കിടക്കുമ്പോഠം പൂതനയുടെ സ്തന്യം പാനം ചെയ്തു് അവളുടെ ജീവനെ അപഹരിച്ച ഒരു കുട്ടിയാണു ശ്രീകൃഷ്ണൻ. മനുഷ്യസാദ്ധ്യമല്ലാത്ത അനവധി അത്ഭുതകൃത്യങ്ങളുടെ കൎത്താവാണു ശ്രീകൃഷ്ണമൂൎത്തി. യുദ്ധകളത്തിൽ വെച്ചല്ല, തൂശിമുനമേൽ നിന്നുകൊണ്ടാണെങ്കിൽ ആ സ്ഥിതിയിൽ, ഗീതോപദേശം ചെയ്യാൻ ശ്രീകൃഷ്ണഭഗവാന്നു സാധിച്ചില്ലെന്നു വരുമോ? അനേകായിരം ഗ്രന്ഥങ്ങളെ (ശ്ലോകങ്ങളെ) രചിച്ചിട്ടുള്ള ദിവ്യജ്ഞാനിയായ വേദവ്യാസൎക്കു ശ്രീകൃഷ്ണൻ അൎജ്ജുനനുപദേശിച്ച രഹസ്യങ്ങളെ, ശ്രീകൃഷ്ണന്റെ വാക്കിൽതന്നെ, യാതൊരു വ്യത്യാസവും കൂടാതെ പകൎത്തുവാൻ സാധിച്ചില്ലെന്നും വരില്ല. നമ്മുടെ ഓൎമ്മശക്തിയെ തോതാക്കി വ്യാസരുടെ ഓൎമ്മശക്തിയെ കണക്കാക്കിക്കൂടാ. ഗീതയെ, ഭഗവാൻ അൎജ്ജുനനുപദേശിച്ചപ്രകാരം നമ്മെ മനസ്സിലാക്കിത്തരുന്നതു വേദവ്യാസരാകയാൽ നമ്മുടെ ഹൃദയത്തിൽ മാത്രമല്ല, ആചന്ദ്രതാരം, ശാശ്വതമായി നിലനില്ക്കുന്ന വ്യാസരുടെ കീൎത്തിക്ക് ഒരു കാലത്തും മാലിന്യം തട്ടുകയില്ല. സജ്ജനഷട്പദങ്ങളാൽ ആസ്വദിക്കപ്പെടുന്ന [illegible]ക്കഠം നിറഞ്ഞതും ഗീതാത്മകമായ സുഗന്ധം [illegible]ളും മാലിന്യത്തെ അകറ്റിക്കളയുന്ന പരിശുദ്ധ[illegible]വും ആയ ഭാരതത്തെ വായിക്കുമ്പോഠം പാരാശൎയ്യവാക്കുകളെ നമുക്ക് ഒരിക്കലും വിസ്മരിക്കാൻ സാധിക്കുന്നതല്ല.

ഉപസംഹാരം.

ഭാരതയുദ്ധം കഴിഞ്ഞശേഷം വേദവ്യാസർ അധികകാലം ധൎമ്മപുത്രരുടെ ഉപദേഷ്ടാവായിട്ടാണ കഴിച്ചുകൂട്ട

യത്. രാജധമ്മങ്ങളെ പ്രത്യേകിച്ചും മനുഷ്യധമ്മങ്ങളെ പൊതുവായും ധമ്മപുത്രക്ക് ഉപദേശിച്ചിട്ടുള്ളത് എന്നെന്നും മാഞ്ഞുപോകാത്ത സൂക്തിരത്നങ്ങളാകുന്നു. വ്യാസോക്തികളിൽ ഏതാനും ഒരു ശകലം മാത്രമെ ഇവിടെ എടുത്തു കാണിക്കാൻ തരമുള്ളു.

“പാപന്മാരോടിണങ്ങൊല്ല
രാജ്യം കാക്കുക പുണ്യവും
ശൂരരായ്പണ്ഡിതന്മാരെ
മാനിക്കേണം യുധിഷ്ഠിര !
ഗോവിത്തവാന്മാർകളേയും
വിശേഷാൽ കാത്തുകൊള്ളണം
ധമ്മമാം വ്യവഹാരത്തിൽ
ബഹുശ്രുതരെയോക്കണം
നന്മന്ത്രവും നീതിയുമൊ-
ത്തെങ്ങും ചോദ്യം പ്രകാരമേ
പൌരുഷം ചെയ്യിലില്ലല്ലൊ
മധമ്മം ഹേ യുധിഷ്ഠിര”

എന്നിപ്രകാരമുള്ള വ്യാസവചനങ്ങളെ എഴുതിയാൽ അവസാനിക്കുന്നതല്ല. മഹാവിഷ്ണു ഭൂലോകത്തിൽ അവതരിച്ചിട്ടുള്ളതെല്ലാം ധമ്മദ്ധ്വംസനം ചെയ്യുന്ന രാക്ഷസന്മാരെ നശിപ്പിക്കുവാനാണ്. മത്സ്യകൂമ്മവരാഹാദി ദശാവതാരങ്ങളുടെ ഉദ്ദേശം ച്യുതമായ്പ്പോയ ധമ്മത്തെ പ്രതിഷ്ഠ ചെയ്യാനായിരുന്നു. അവതാരോദ്ദേശം നിവ്വഹിച്ചശേഷം സ്വഗ്ഗാരോഹണം ചെയ്തു പന്നഗപയ്യങ്കശായിയായി മഹാവിഷ്ണു ലോകസംരക്ഷണം ചെയ്തുവരുന്നു. വേദവ്യാസരുടെ ജനനമാകട്ടെ അജ്ഞാനതിമിരത്തെ അകററികളയുവാൻവേണ്ടി ജ്ഞാനവിതരണം ചെയ്യുവാൻ മാ

ത്രമാണ്. ഇന്നും ചിരഞ്ജീവിയായി വ്യാസഭഗവാൻ വാഴു
ന്നുണ്ടത്രെ. വിജ്ഞാനവിതരണം ചെയ്യുന്ന പണ്ഡിതന്മാ
രുടെ ജിഹ്വയിലും തൂലികയിലും അശരീരിയായി വ്യാസ
ഭഗവാൻ സ്ഥിതിചെയ്യുന്നു. നരസിംഹമൂൎത്തി ഹിരണ്യ
വധം കഴിഞ്ഞശേഷം സ്വൎഗ്ഗാരോഹണം ചെയ്തു. രാവ
ണവധാനന്തരം ശ്രീരാമചന്ദ്രനും വൈകുണ്ഠത്തിലേയ്ക്കു ഗ
മിച്ചു. നമ്മുടെ വേദവ്യാസരുടെ പ്രവൃത്തി ഒരിക്കലും
അവസാനിക്കാത്തതാണ്. അജ്ഞാനികളുടെ സംഖ്യ പ്ര
തിനിമിഷം വൎദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ദ്വാപ
രയുഗം മുതൽ മറെറാരു ദ്വാപരയുഗംവരെ സദുപദേശ
ങ്ങളാലും സന്മാൎഗ്ഗവിധാനത്തിനാലും അജ്ഞാനികളെ
ജ്ഞാനമാൎഗ്ഗത്തിൽക്കൂടി നയിപ്പിക്കേണ്ട ഭാരമാണ് വ്യാ
സർ കയ്യേററിട്ടുള്ളത്. ആ ഭാരത്തെ ക്ഷണനേരത്തിൽ
നിൎവ്വഹിക്കാൻ സാധിക്കുകയില്ല. മുൻകാലത്തിൽ വ്യാ
സഭഗവാൻ സ്വയമേവ പുരാണാദികളെ രചിച്ചു. ഇ
പ്പോഠം ആ പുണ്യപുരുഷൻ അദൃശ്യനായി എല്ലാ ദിക്കി
ലും സഞ്ചരിക്കുന്നു. കലിയുടെ പരാക്രമത്തെ തടുത്തു നി
ല്ക്കുവാൻ വേണ്ടപ്പെട്ട ധൎമ്മങ്ങളെ വ്യാസർ മുമ്പുതന്നെ ഉ
പദേശിച്ചു കഴിഞ്ഞിട്ടുണ്ട്. പോരെങ്കിൽ ഭവിഷ്യപുരാ
ണത്തിൽ കലിയുഗകാലീനന്മാരായ നമ്മുടെ നടവടിക
ളെ വൎണ്ണിച്ചിട്ടും ഉണ്ട്. നിഷ്കണ്ടകവും സഞ്ചാരയോഗ്യ
വും ആയ മാൎഗ്ഗം കാണിച്ചുതരികയല്ലാതെ പാന്ഥനെ ചു
മലിൽ പേറിക്കൊണ്ടു നടക്കുവാൻ മാൎഗ്ഗദൎശികഠം ഉദ്യുക്ത
ന്മാരല്ല. നിൎദ്ദിഷ്ടമായ സൽപഥത്തിൽക്കൂടി സഞ്ചരിക്കു
ന്നതു പഥികന്മാരുടെ മുറയാകുന്നു. വേദവ്യാസർ നമുക്കു
നടക്കാനുള്ള വഴി വെട്ടിത്തെളിയിച്ചു വെച്ചിട്ടുണ്ട്. മാൎഗ്ഗ

മദ്ധ്യത്തിലുള്ള അപകടങ്ങളെ ചൂണ്ടിക്കാണിക്കുന്ന വിളംബരപ്പലകകളേയും അഷ്ടാദശപുരാണങ്ങളിൽ അവിടവിടേയായി കെട്ടിത്തൂക്കിയിട്ടുണ്ട്. ഇതിൽ അധികം ഒരു മാർഗ്ഗസ്ഥാപകൻ എന്താണ ചെയ്യുവാനുള്ളത്? അപകടങ്ങളെ ചൂണ്ടിക്കാണിക്കുന്ന വിളംബരപ്പലകകളെ ബുദ്ധിപൂർവ്വം ശ്രദ്ധിച്ചു സഞ്ചാരികൾ നടക്കുന്നതായാൽ കല്ലിലും മുള്ളിലും കയറി ദേഹാപായം വരുത്താതെ കഴിച്ചുകൂട്ടാം. വിളംബരപ്പലകകളെ സ്ഥാപിച്ചാർ പ്രയാണികളുടെ കൂടെ വിളംബരപ്പലകയും കയ്യിലേന്തി നടക്കാറില്ല. വേദവ്യാസർ നമുക്കുവേണ്ടി വെട്ടിത്തെളിയിച്ചിട്ടുള്ള സന്മാർഗ്ഗപദ്ധതിയിൽക്കൂടി നാം സഞ്ചരിക്കുമ്പോൾ അവിടവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള വിളംബരപ്പലകകളെ നല്ലവണ്ണം നോക്കി മനസ്സിലാക്കേണ്ടതു നമ്മുടെ ഭാരമാകുന്നു. 'പരോപകാരഃപുണ്യായ പാപായപരപീഡനം' എന്നുള്ള ശ്ലോകാർദ്ധത്തെ ഗംഭീരവും വിശദവും ആയ ലിപികളിൽ എഴുതി വ്യാസഭഗവാൻ നമ്മുടെ ജീവിതായോധനമാർഗ്ഗത്തിൽ, നോക്കിയാൽ നോക്കിയേടത്തെല്ലാം, കെട്ടിത്തൂക്കിയിട്ടുണ്ട്.

ഇന്നത്തെ ഗ്രന്ഥകാരകന്മാരെപ്പോലെ വേദവ്യാസർ പുസ്തകങ്ങൾക്കു വില വാങ്ങുന്നില്ല. അദ്ദേഹം വെട്ടിത്തെളിയിച്ച രാജവീഥികളിൽക്കൂടി സഞ്ചാരം ചെയ്യുന്നവരോടു ചുങ്കം വസൂലാക്കുന്നില്ല. അപകടത്തിൽ പിണഞ്ഞവൎക്കു ചികിത്സ ചെയ്യുവാനും വ്യാസഭഗവാൻ ഒരുക്കമാണ്. അതിന്നു പ്രതിഫലം ഒന്നും ആവശ്യപ്പെടുന്നില്ല. ഓരോ ദുഷ്കൃത്യത്തിന്നും പ്രായശ്ചിത്തം പുരാണങ്ങളിൽ വിധിക്കപ്പെട്ടിട്ടുണ്ട്. സന്മാർഗ്ഗസഞ്ചാരത്തിൽ വല്ലവിധ

വും അപകടം സംഭവിച്ചാൽ പ്രായശ്ചിത്തരൂപമായ വേദവ്യാസരുടെ വൈദ്യശാലയിൽ കയറിയാൽ മതി. അവിടെനിന്നു നിശ്ചയിക്കുന്ന ചികിത്സയ്ക്കു പ്രതിഫലം കൊടുക്കേണ്ട. ആ ചികിത്സയിൽ ദീനം മാറുമൊ ഇല്ലയൊ എന്നുള്ള സന്ദേഹവും വേണ്ട. നിശ്ചയിച്ചപ്രകാരം നടക്കുകയെ വേണ്ടു. രോഗം ഭേദമായി. ഇപ്രകാരം പരോപകാരമായി ജനനം മുതല്ക്കു പ്രവൎത്തിച്ചുവരുന്ന പുണ്യാത്മാവും, അപ്പപ്പോൾ ച്യുതമാകുന്ന ധൎമ്മങ്ങളെ ഉടനുടൻ പ്രതിഷ്ഠിക്കുന്ന വിശാലഹൃദയനും, ദാഹം, വിശപ്പു, ക്ഷീണം എന്നീ ആലസ്യങ്ങൾ ബാധിക്കാത്ത അശ്രാന്തപരിശ്രമിയും ആയ വേദവ്യാസൎക്കു മരണം ഇല്ലാതിരിക്കുന്നതു നമ്മുടെ അനന്തഭാഗ്യം എന്നെ പറയുവാനുള്ളു.

(കണ്ണപൎവ്വരീതി)

പരാശരാത്മജ! പുരാണകാരക!
നിരാമയവിഭോ! നിഗമസാരജ്ഞ!
പരോപകാരമായ് പലകൃതികളും
ധരയിലാസ്ഥയാ രചിച്ചമാമുനേ!
കരളിലുന്നിടും ദുരിതസഞ്ചയ-
ക്കരകടക്കുവാൻ വരം തരേണമെ.
മരണകാലമിങ്ങടുത്തിടും മുമ്പെ
പരമപാവനംപദം തരേണമെ.
പരന്നവേദത്തെപ്പിരിച്ചു നാലായി
തിരിച്ചുവെച്ചനിൻ മലരടിതൊഴാം.
കിരീടിതന്റെതേർ തെളിച്ചുകൊണ്ടുഭൂ
ഭരംനശിപ്പിച്ച കൃപാകരോക്തികൾ
തെരുതെരെഗീതാമൃതപ്രവാഹമായ്
കുരുധരാതലേ പരന്നുകൊള്ളവേ

VILASAM

വിരവൊടുഗീതാസ്വരൂപസാന്നിദ്ധ്യം
പരാശരാത്മജ! ഭവാൻ കൊടുത്തില്ലേ
പരമധാൎമ്മിക! തവപാദദ്വയ
സരോരുഹങ്ങൾതാനെനിക്കൊരാശ്രയം.

ശുഭം.

*Printed at the Vidya Vinodini Press, Trichur.*